2025
DECEMBER
11
THURSDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




## തൊഴിൽകോഡുകൾ
# രാജ്യത്തെ വ്യവസായങ്ങൾക്ക് അടിത്തറയിടും

**ന്യൂഡൽഹി:** വേതനം, വ്യാവസായിക ബന്ധങ്ങൾ, സാമൂഹിക സുരക്ഷ, തൊഴിൽ സുരക്ഷ, ആരോഗ്യം, തൊഴിൽ സാഹചര്യങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കേന്ദ്രസസർക്കാർ പ്രഖ്യാപിച്ച നാല് തൊഴിൽ കോഡുകൾ ഭാവിയിലെ തൊഴിലുകൾക്കും കൂടുതൽ പ്രതിരോധശേഷിയുള്ള വ്യവസായങ്ങൾക്കും അടിത്തറയിടുന്നതാണെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. ന്യൂഡൽഹിയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സംഘടിപ്പിച്ച മനുഷ്യാവകാശ ദിനാചരണ ചടങ്ങിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപ്രതി. മനുഷ്യാവകാശങ്ങൾ സർക്കാരുകളുടെയും, എൻ.എച്ച്.ആർ.സി.യുടേയും, സിവിൽ സൊസൈറ്റി സംഘടനകളുടെയും, മറ്റ് സ്ഥാപനങ്ങളുടെയും മാത്രം ഉത്തരവാദിത്തമല്ലെന്ന് ഓരോ പൗരനും തിരിച്ചറിയണം . നമുക്ക് ചുറ്റുമുള്ള പൗരന്മാരുടെ അവകാശങ്ങളും അന്തസ്സും സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നും അനുകമ്പയും ഉത്തരവാദിത്തമുള്ള ഒരു സമൂഹത്തിലെ അംഗങ്ങളെന്ന നിലയിൽ ഈ കടമ നമ്മിൽ നിക്ഷിപ്തമാണെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

മനുഷ്യാവകാശങ്ങളുടെ ആഗോള ചട്ടക്കൂട് രൂപപ്പെടുത്തുന്നതിൽ ഇന്ത്യ പ്രധാന പങ്ക് വഹിച്ചു. മനുഷ്യന്റെ അന്തസ്സിലും സമത്വത്തിലും നീതിയിലും വേരൂന്നിയ ഒരു ലോകത്തെയാണ് നമ്മുടെ സ്വാതന്ത്ര്യ സമര സേനാനികൾ വിഭാവനം ചെയ്തത്. അന്ത്യോദയയുടെ തത്വശാസ്ത്രത്തിന് അനുസൃതമായി, അവസാന ഗുണഭോക്താവ് ഉൾപ്പെടെ എല്ലാവർക്കും മനുഷ്യാവകാശങ്ങൾ ഉറപ്പാക്കണം. 2047 ഓടെ വികസിത ഭാരതം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള രാജ്യത്തിന്റെ വികസന യാത്രയിൽ ഓരോ പൗരനും സജീവ പങ്കാളിയാകണമെന്നും അപ്പോൾ മാത്രമേ വികസനത്തെ യഥാർത്ഥ അർത്ഥത്തിൽ ’എല്ലാവരെയും ഉൾക്കൊള്ളുന്ന വികസനം’ എന്ന് വിളിക്കാൻ കഴിയൂവെന്നും രാഷ്ട്രപ്രതി പറഞ്ഞു. നമ്മുടെ ഭരണഘടനയിൽ അടങ്ങിയിരിക്കുന്ന മനുഷ്യാവകാശങ്ങൾ ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ വേണ്ടി



യുള്ളവയാണ്.ഭയമില്ലാതെ ജീവിക്കാനും, തടസ്സങ്ങളില്ലാതെ പഠിക്കാനും, ചൂഷണമില്ലാതെ പ്രവർത്തിക്കാനും, അന്തസ്സോടെ വാർദ്ധക്യത്തിലെത്താനുമുള്ള അവകാശമാണ് മനുഷ്യാവകാശങ്ങൾ. വികസനത്തിൽ നിന്ന് മനുഷ്യാവകാശങ്ങളെ വേർപെടുത്താൻ കഴിയില്ലെന്ന് ഇന്ത്യ ലോകത്തെ നിരന്തരം ഓർമ്മപ്പെടുത്തുന്നു.‘നീതിയില്ലാതെ സമാധാനം ഇല്ല; സമാധാനമില്ലാതെ നീതിയും’ എന്ന ശാശ്വത സത്യത്തോടാണ് ഇന്ത്യ എപ്പോഴും ചേർന്നുനിൽക്കുന്നുതെന്നും രാഷ്ട്രപതി പറഞ്ഞു .

ദേശീയ മനുഷ്യാവകാശ കമ്മീഷൻ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകൾ, നീതിന്യായ വ്യവസ്ഥ, സിവിൽ സമൂഹം എന്നിവ നമ്മുടെ ഭരണഘടനയുടെ ആത്മാവിന്റെ കാവൽക്കാരാണെന്ന് രാഷ്ട്രപതി ചൂണ്ടിക്കാട്ടി. സ്ത്രീ ശാക്തീകരണവും സ്ത്രീകളുടെ ക്ഷേമവും മനുഷ്യാവകാശങ്ങളുടെ പ്രധാന സ്തംഭങ്ങളാണ്. പൊതുസ്ഥലങ്ങളിലെയും ജോലി സ്ഥലങ്ങളിലെയും സ്ത്രീസുരക്ഷയെക്കുറിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷൻ സമ്മേളനം സംഘടിപ്പിച്ചത് ഏറ്റവും ഉചിതമാണ്. ഇത്തരം സമ്മേളനങ്ങളിൽ നിന്നുണ്ടാകുന്ന നിരീക്ഷണങ്ങളും ശുപാർശകളും സ്ത്രീകളുടെ സുരക്ഷയും ശാക്തീകരണവും ഉറപ്പാക്കുന്നതിൽ നിർണായകമായ പങ്ക് വഹിക്കുമെന്നും രാഷ്ട്രപതി കൂട്ടിച്ചേർത്തു.എൻ.എച്ച്.ആർ.സി സംസ്ഥാനത്തിന്റെയും സമൂഹത്തിന്റെയും മഹത്തായ ആദർശങ്ങൾക്ക് ആവിഷ്കാരം നൽകുന്ന സ്ഥാപനമാണെന്ന് രാഷ്ട്രപതി പറഞ്ഞു. കേന്ദ്ര സർക്കാർ ഇത്തരത്തിലുള്ള ആദർശങ്ങളെ ഇതുവരെ കാണാത്ത വ്യാപ്തിയിൽ പ്രാവർത്തികമാക്കിവരികയാണെന്നും അവർ ചൂണ്ടിക്കാട്ടി.

കഴിഞ്ഞ ദശകത്തിൽ, നമ്മുടെ രാഷ്ട്രം ’അർഹതയിൽ നിന്ന് ശാക്തീകരണത്തിലേക്കും, ദാനധർമ്മത്തിൽ നിന്ന് അവകാശങ്ങളിലേക്കും’ എന്ന പുതിയ ഒരു സമീപനത്തിലൂടെ മുന്നേറുന്നത് നാം കണ്ടുവരുന്നുവെന്നും അവർ വ്യക്തമാക്കി. ശുദ്ധജലം, വൈദ്യുതി, പാചകവാതകം, ആരോഗ്യ സംരക്ഷണം, ബാങ്കിംഗ് സേവനങ്ങൾ, വിദ്യാഭ്യാസം, മെച്ചപ്പെട്ട ശുചിത്വം തുടങ്ങിയ അവശ്യ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കാൻ സർക്കാർ പ്രവർത്തിച്ചുവരികയാണ്. ഇത് ഓരോ കുടുംബത്തിന്റെയും അന്തസ്സ് ഉയർത്തിപ്പിടിക്കുകയും മാന്യതയോടെ ജീവിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്യുന്നുവെന്ന് രാഷ്ട്രപതി കൂട്ടിച്ചേർത്തു.

## കേരള ബ്ലാസ്റ്റേഴ്സിന് പുതിയ ഹോം കിറ്റ്



**കൊച്ചി:** കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തെ ആദരിച്ചുകൊണ്ട് കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി.യുടെ പുതിയ ഹോം കിറ്റ് പ്രകാശനം ചെയ്തു. സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും തളരാത്ത പോരാട്ടവീര്യം വിളിച്ചോതുന്ന ഡിസൈനാണ് ഇത്തവണ ബ്ലാസ്റ്റേഴ്സ് അവതരിപ്പിച്ചത്. കേരളത്തിന്റെ പ്രധാന കലാരൂപങ്ങളിൽ ഒന്നായ തെയ്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് പുതിയ ജേഴ്സി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

ക്ലബ്ബിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെയാണ് ഈ ജേഴ്സി പ്രകാശനം ചെയ്തത്. ഇന്ത്യൻ ഫുട്ബോളിലെ നടപടികളില്ലായ്മയും വ്യക്തമായ ദിശാബോധമില്ലായ്മയും കാരണം ലീഗിനെ ചുറ്റിപ്പറ്റിയുള്ള അനിശ്ചിതാവസ്ഥ തുടരുന്ന ഈ സാഹചര്യത്തിൽ, ഈ ജേഴ്സി എപ്പോൾ ധരിക്കാൻ സാധിക്കും എന്ന ചോദ്യത്തോടെയാണ് ഹോം കിറ്റ് പ്രകാശനം ചെയ്തത്. എങ്കിലും, ലീഗ് മത്സരങ്ങൾ തുടങ്ങുമ്പോൾ തന്നെ കളത്തിലിറങ്ങാൻ ക്ലബ്ബ് പൂർണ്ണമായും സജ്ജമാണെന്നും ഈ സമയത്ത് ജേഴ്സി അവതരിപ്പിച്ചതിലൂടെ സൂചിപ്പിക്കുന്നു.

## എസ്യുവി 7എക്സ്ഒ ; പുതിയ എസ്യുവി പ്രഖ്യാപിച്ച് മഹീന്ദ്ര



**കൊച്ചി:** രാജ്യത്തെ മുൻനിര എസ്യുവി നിർമാതാക്കളായ മഹീന്ദ്ര ആൻഡ് മഹീന്ദ്ര ലിമിറ്റഡ് കമ്പനിയുടെ ഏറ്റവും പുതിയ എസ്യുവിയുടെ പേര് പ്രഖ്യാപിച്ചു. എസ്യുവി 7എക്സ്ഒ ആയിരിക്കും മഹീന്ദ്രയുടെ പ്രീമിയം എസ്യുവി വിഭാഗത്തിലെ അടുത്ത മോഡലിന്റെ പേര്.

നാല് വർഷത്തിനുള്ളിൽ 300,000ത്തിലധികം ഉടമകളുമായി ഇന്ത്യയിലെ എസ്യുവി വിപണിയിൽ വിപ്ലവം സൃഷ്ടിച്ച എസ്യുവി 700ന്റെ ഏറ്റവും പരിഷ്ക്കരിച്ച പതിപ്പായിരിക്കും ഇത്. നിലവിലെ ഫീച്ചറുകൾ നിലനിർത്തുന്നതോടൊപ്പം ഡിസൈനിലും, സാങ്കേതികവിദ്യയിലും, സുഖസൗകര്യങ്ങളിലും, പ്രകടനത്തിലും കൂടുതൽ മാറ്റങ്ങളുണ്ടാവും. പ്രീമിയം എസ്യുവി രംഗത്ത് മഹീന്ദ്രയുടെ നേതൃത്വം ശക്തിപ്പെടുത്തുന്ന തരത്തിലാണ് എസ്യുവി 7എക്സ്ഒയുടെ രൂപകൽപന. ഇതിലൂടെ നാളത്തെ എസ്യുവികൾക്ക് വീണ്ടും വഴികാട്ടിയാവാനും മഹീന്ദ്ര ലക്ഷ്യമിടുന്നു




## വനിതാ ക്രിക്കറ്റ് ലോകകപ്പ് വിജയം: ഇന്ത്യൻ ടീമിന് ആദരവുമായി തനിഷ്ക്

**കൊച്ചി:** ഐസിസി വനിതാ ക്രിക്കറ്റ് ലോകകപ്പ് വിജയം നേടിയ ഇന്ത്യൻ ടീമിന് ആദരവുമായി ടാറ്റ ഗ്രൂപ്പിൽ നിന്നുള്ള ഇന്ത്യയിലെ ഏറ്റവും വലിയ ആഭരണ റീട്ടെയിൽ ബ്രാൻഡായ തനിഷ്ക്. ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീമിനെ ആദരിക്കുന്നതിനും അവരുടെ ശ്രദ്ധേയമായ വിജയത്തെ അടയാളപ്പെടുത്തുന്നതിനായി തനിഷ്ക് ഓരോ കളിക്കാരിക്കും സ്വർണ മോതിരങ്ങൾ സമ്മാനമായി നൽകുന്നു. രാജ്യമെമ്പാടുമുള്ള കുടുംബങ്ങൾ കൈമാറ്റം ചെയ്ത സ്വർണം ഉപയോഗിച്ച് നിർമ്മിച്ച മോതിരങ്ങളാണ് സമ്മാനിക്കുന്നത്. രാജ്യത്തെ അഭിമാനത്തിലാഴ്ത്തിയ വനിതകളുമായി ഇന്ത്യൻ കുടുംബങ്ങളെ ബന്ധിപ്പിക്കുന്ന അർത്ഥവത്തായ സമ്മാനമാണിതെന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ് ജ്വല്ലറി ഡിവിഷൻ സി.ഇ.ഒ അജോയ് ചൗള പറഞ്ഞു.

ഇന്ത്യൻ വനിതാ ക്രിക്കറ്റ് ടീം രാജ്യത്തിന് തലമുറകളോളം ഓർമ്മിക്കാനുള്ള ഒരു നിമിഷം സമ്മാനിച്ചിരിക്കുന്നു. അവരുടെ മനക്കരുത്തും നിശ്ചയദാർഢ്യവും 140 കോടി ജനങ്ങളുടെ പ്രതീക്ഷകൾ അവർ വഹിച്ച രീതിയും അസാധാരണമാണെന്നും അജോയ് ചൗള പറഞ്ഞു. ലക്ഷക്കണക്കിന് ഉപഭോക്താക്കൾ ഞങ്ങളുമായി കൈമാറിയ സ്വർണ്ണത്തിൽ നിന്ന് നിർമ്മിച്ച ഈ മോതിരങ്ങൾ ഈ ടീമിന്റെ മനോഭാവത്തെയും പ്രതിബദ്ധതയെയും നേട്ടത്തെയും ആദരിക്കുന്നതിനുള്ള ഒരു മാർഗമാണ്. ഈ ടീം രാജ്യത്തിന്റെ അഭിമാനം വഹിക്കുന്നതുപോലെ, തനിഷ്കിന്റെ ഈ മോതിരങ്ങളിൽ രാജ്യത്തിന്റെ ഒരു ഭാഗം ഉണ്ടെന്നും അദ്ദേഹം പറഞ്ഞു.

തനിഷ്കിന്റെ ഗോൾഡ് എക്സ്ചേഞ്ച് പദ്ധതിപ്രകാരം ഏത് ജ്വല്ലറിയിൽ നിന്ന് വാങ്ങിയ പഴയ സ്വർണ്ണവും വർഷം മുഴുവനും കൈമാറ്റം ചെയ്യാൻ സാധിക്കും. ഉപഭോക്താക്കൾ ഇതിനോടകം 1.8 ലക്ഷം കിലോയിലധികം സ്വർണ്ണം കൈമാറ്റം ചെയ്തുകഴിഞ്ഞു. ഏത് ജ്വല്ലറിയിൽ നിന്നുള്ളതായാലും കുറഞ്ഞത് 9 കാരറ്റ് വരെയുള്ള എല്ലാ കാരറ്റേജിലുമുള്ള പഴയ സ്വർണാഭരണങ്ങൾ കൈമാറ്റം ചെയ്യുമ്പോഴും നൂറ് ശതമാനവും മൂല്യം തനിഷ്ക് നൽകുമെന്നും അദ്ദേഹം വ്യക്തമാക്കി.

## കെ.സി.ബി.സി ശൈത്യകാല സമ്മേളനവും ജൂബിലിയാഘോഷവും

**കൊച്ചി:** കെ.സി.ബി.സിയുടെ ശൈത്യകാലസമ്മേളനം ഡിസംബർ 11, 12 തീയതികളിൽ പാലാരിവട്ടം പി.ഒ.സിയിൽ നടക്കും. 9ാം തീയതി മുതൽ നടക്കേണ്ടിയിരുന്ന സമ്മേളനം ത്രിതല പഞ്ചായത്തു തിരഞ്ഞെടുപ്പു പ്രമാണിച്ചാണ് മാറ്റിയത്. 2026-28 കാലഘട്ടത്തിലേക്കുള്ള കെ.സി.ബി.സി ഭാരവാഹികളുടെ തിരഞ്ഞെടുപ്പും ഇത്തവണ നടക്കും. ആഗോളസഭയിൽ ആചരിച്ചുവരുന്ന പ്രത്യാശയുടെ ജൂബിലിയുടെ കേരളതലത്തിലുള്ള ആഘോഷം ഇന്ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് എല്ലാ മെത്രാന്മാരും ചേർന്നുള്ള സമൂഹ ദിവ്യബലിയോടുകൂടി പി.ഒ.സിയിൽ നടത്തപ്പെടുന്നതാണ്.

## സ്പെഷ്യൽ അലോട്ട്മെന്റ് 15 ന്

**തിരുവനന്തപുരം:** പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഫാർമസി, ഹെൽത്ത് ഇൻസ്പെക്ടർ മറ്റ് പാരാമെഡിക്കൽ കോഴ്സുകൾക്ക് 202526 വർഷത്തെ സർക്കാർ/സ്വാശ്രയ കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കും പുതിയതായി ഉൾപ്പെടുത്തിയ കോളേജുകളിലെ സീറ്റുകളിലേക്കും ഓൺലൈൻ രജിസ്ട്രേഷനും അലോട്ട്മെന്റും 15 ന് നടക്കും. പങ്കെടുക്കുവാൻ താൽപര്യമുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകർ പുതിയതായി കോളേജ്/കോഴ്സ് ഓപ്ഷനുകൾ www.lbscetnre.kerala.gov.in വെബ്സൈറ്റിൽ ഡിസംബർ 11 നകം സമർപ്പിക്കണം. മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ പരിഗണിക്കുന്നതല്ല.

മുൻ അലോട്ട്മെന്റുകൾ വഴി പ്രവേശനം ലഭിച്ചവർ നിർബന്ധമായും നിരാക്ഷേപപത്രം ഓൺലൈനായി അതത് കോളേജുകളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471-2560361, 362, 363, 364.

## സ്ത്രീ സുരക്ഷാ പദ്ധതി: വ്യാജപ്രചാരണത്തിനെതിരെ നടപടി സ്വീകരിക്കും

**തിരുവനന്തപുരം:** സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുന്ന സ്ത്രീ സുരക്ഷാ പദ്ധതിയുമായി ബന്ധപ്പെട്ട നടക്കുന്ന വ്യാജ പ്രചാരണങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ തിരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. സ്ത്രീ സുരക്ഷ പദ്ധതിയിൽ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങിയിട്ടില്ലെന്നും ഔദ്യോഗികമായി അപേക്ഷാ ഫോം പ്രസിദ്ധീകരിച്ചിട്ടില്ലെന്നും സർക്കാർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിച്ചു. തദ്ദേശ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം അവസാനിച്ചതിന് ശേഷം മാത്രമേ ഇതിൽ തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ. നിലവിൽ പ്രചരിക്കുന്ന അപേക്ഷാ ഫോമുകൾ സർക്കാർ തയ്യാറാക്കിയതോ അംഗീകരിച്ചതോ അല്ലെന്നും അവയ്ക്ക് യാതൊരു നിയമസാധുതയും ഇല്ലെന്നും സർക്കാർ കമ്മീഷന് നൽകിയ കത്തിൽ വ്യക്തമാക്കി.

## വിദ്യാഭ്യാസ സ്കോളർഷിപ്പ്: അപേക്ഷ തീയ്യതി നീട്ടി

**കൽപ്പറ്റ:** കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ എട്ടാം ക്ലാസ് മുതൽ പഠിക്കുന്ന മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ സമർപ്പിക്കേണ്ട തീയ്യതി നീട്ടി. ഡിസംബർ 15 വരെയാണ് ദീർഘിപ്പിച്ച സമയം. അപേക്ഷ ഫോം ജില്ലാ ഓഫീസിലും kmtwwfb.org വെബ്സൈറ്റിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ജില്ല എക്സിക്യൂട്ടീവ് ഓഫീസറുമായി ബന്ധപ്പെടാം. ഫോൺ: 04936-206355, 9188519862.

## വ്യാജസർട്ടിഫിക്കറ്റ് കേസ് എൻ.ഐ.എ അന്വേഷിക്കണം: വി.എച്ച്.പി

**കൊച്ചി:** മലപ്പുറത്തു നിന്നും പതിനായിരക്കണക്കിന് വ്യാജ വിദ്യാഭ്യാസ സർട്ടിഫിക്കറ്റ് പിടിച്ചെടുത്ത കേസിന്റെ അന്വേഷണം എൻ.ഐ.എയ്ക്ക് വിടണമെന്ന് വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. അനിൽ വിളയിൽ വാർത്താകുറിപ്പിൽ ആവശ്യപ്പെട്ടു. നിരോധിത തീവ്രവാദ സംഘടനയായ പോപ്പുലർ ഫ്രണ്ടിൽ നിന്നും പിടിച്ചെടുത്ത മിഷൻ 2047 രേഖ പ്രകാരം എല്ലാ ഭരണ അധികാര സ്ഥാപനങ്ങളിലും കയറി പറ്റാനുള്ള ചില ശക്തികളുടെ പദ്ധതിയുമായി ഈ സംഭവത്തിന് ബന്ധം ഉള്ളതായി സംശയിക്കേണ്ടിരിയിക്കുന്നു.

ഇതേ രീതിയിൽ മുൻകാലങ്ങളിൽ ലക്ഷക്കണക്കിന് വ്യാജ സർട്ടിഫിക്കറ്റുകൾ ഉപയോഗിച്ച് പോലീസ്, പട്ടാളം ഉൾപ്പെടെയുള്ള തന്ത്രപ്രാധാന്യമുള്ള വകുപ്പികളിലടക്കം അയോഗ്യരായ വ്യക്തികൾ ജോലിയ്ക്ക് കയറിയിട്ടുണ്ടാകാനുള്ള സാധ്യത തള്ളിക്കളയാൻ കഴിയില്ല. കേസിലെ മുഖ്യ പ്രതിയുടെ നിലവിലെ സാമ്പത്തികസ്ഥിതി തന്നെ വിഷയത്തിന്റെ ഗൗരവവും ഭീകരതയും ചൂണ്ടികാണിക്കുന്നതാണ്.

വ്യാജ സർട്ടിഫിക്കറ്റുകൾ ആർക്കൊക്കെ ലഭ്യമാക്കി, ആരൊക്കെ ജോലി നേടി, ഏതൊക്കെ സർക്കാർ വകുപ്പുകളിൽ ജോലി നേടി തുടങ്ങിയ കാര്യങ്ങളെ കുറിച്ച് സമഗ്രമായ അന്വേഷണം നടത്തേണ്ടത് അനിവാര്യമാണ്. ഇതിൽ കേരളാ പോലീസിന് പരിമിതികളുണ്ട്. ഭാരതത്തിന്റെ ദേശീയതയേയും അഖണ്ഡതയേയും ബാധിക്കുന്ന സംഭവമായിട്ടും സർക്കാരിന്റെ ഭാഗത്തു നിന്നും വിഷയത്തിൽ ഗൗരവതരമായ സമീപനം കാണുന്നില്ല. കേസിൽ സമഗ്രമായ അന്വേഷണം നടത്താൻ ദേശീയ അന്വേഷണ ഏജൻസിക്ക് ഉടൻ തന്നെ കൈമാറണമെന്നും അഡ്വ. അനിൽ വിളയിൽ വാർത്താകുറിപ്പിൽ ആവശ്യപ്പെട്ടു.

## രണ്ടാം ഘട്ട വോട്ടെടുപ്പ് ഇന്ന് ;

# ഏഴ് ജില്ലകളിലായി 1,53,37,176 വോട്ടർമാരും 38,994 സ്ഥാനാർത്ഥികളും

**തിരുവനന്തപുരം:** തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിനുള്ള രണ്ടാം ഘട്ട വോട്ടെടുപ്പ് ഇന്ന് രാവിലെ 7 ന് തുടങ്ങും. വൈകുന്നേരം 6 മണിവരെയാണ് വോട്ടെടുപ്പ്. തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 604 തദ്ദേശ സ്ഥാപനങ്ങളിലെ (ഗ്രാമ പഞ്ചായത്ത് 470, ബ്ലോക്ക് പഞ്ചായത്ത് 77, ജില്ലാ പഞ്ചായത്ത് 7, മുനിസിപ്പാലിറ്റി 47, കോർപ്പറേഷൻ 3) 12391 വാർഡുകളിലേയ്ക്കാണ് (ഗ്രാമ പഞ്ചായത്ത് വാർഡ് 9015, ബ്ലോക്ക് പഞ്ചായത്ത് വാർഡ് 1177, ജില്ലാ പഞ്ചായത്ത് വാർഡ് 182, മുനിസിപ്പാലിറ്റി വാർഡ് 1829, കോർപ്പറേഷൻ വാർഡ് 188) ഇന്ന് വോട്ടെടുപ്പ് നടക്കുന്നത്.

ആകെ 1,53,37,176 വോട്ടർമാരാണ് പട്ടികയിലുള്ളത് (പുരുഷന്മാർ -7246269, സ്ത്രീകൾ -8090746, ട്രാൻസ്ജെൻഡർ -161). 3293 പ്രവാസി വോട്ടർമാരും പട്ടികയിലുണ്ട്. ആകെ 38994 സ്ഥാനാർത്ഥികളാണ് (18974 പുരുഷന്മാരും, 20020 സ്ത്രീകളും) മത്സരിക്കുന്നത്. ഗ്രാമപഞ്ചായത്ത് വാർഡുകളിലേക്ക് 28274 ഉം, ബ്ലോക്ക് പഞ്ചായത്തിലേയ്ക്ക് 3742 ഉം, ജില്ലാ പഞ്ചായത്തിലേയ്ക്ക് 681 ഉം, മുനിസിപ്പാലിറ്റികളിലേയ്ക്ക് 5546 ഉം, കോർപ്പറേഷനുകളിലേയ്ക്ക് 751 ഉം സ്ഥാനാർത്ഥികളുമാണ് മത്സരരംഗത്തുള്ളത്. കാൻഡിഡേറ്റ് സെറ്റിങ് കഴിഞ്ഞ 18274 കൺട്രോൾ യൂണിറ്റും 49019 ബാലറ്റ് യൂണിറ്റും പോളിങ്ങിനായി തയ്യാറായി കഴിഞ്ഞു.

2631 കൺട്രോൾ യൂണിറ്റും 6943 ബാലറ്റ് യൂണിറ്റും റിസർവ്വായി കരുതിയിട്ടുണ്ട്. തദ്ദേശ തിരഞ്ഞെടുപ്പ് രണ്ടാം ഘട്ടത്തിൽ കണ്ണൂർ ജില്ലയിലെ ആന്തൂർ മുൻസിപ്പാലിറ്റിയിലെ 5 വാർഡുകളിൽ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതിനാലും മലപ്പുറം ജില്ലയിലെ മൂത്തേടം പഞ്ചായത്തിലെ പായിമ്പാടം ഏഴാം വാർഡിൽ സ്ഥാനാർത്ഥി മരിച്ചതിനെ തുടർന്നും വോട്ടെടുപ്പ് ഉണ്ടായിരിക്കുന്നതല്ല. കാസർകോട് ജില്ലയിലെ 2 ഗ്രാമ പഞ്ചായത്തുകളിലെ ഓരോ വാർഡിലും കണ്ണൂർ ജില്ലയിലെ ആന്തൂർ മുനിസിപ്പാലിറ്റിയിലെ 5 വാർഡുകളിലും 2 ഗ്രാമപഞ്ചായത്തുകളിലായി 9 വാർഡുകളിലും സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു.

കണ്ണൂരിൽ ആന്തൂർ മുനിസിപ്പാലിറ്റിയിലെ മൊറാഴ, കൊടല്ലൂർ, തളിയിൽ, പൊടികുണ്ട്, അൻജംപീഡിക എന്നീ വാർഡുകളിൽ സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതിനാൽ അവിടങ്ങളിൽ വോട്ടെടുപ്പില്ല. മലപ്പുറം ജില്ലയിലെ മൂത്തേടം പഞ്ചായത്തിലെ പായിമ്പാടം ഏഴാം വാർഡിലെ യുഡിഎഫ് സ്ഥാനാർത്ഥി ഹസീന മരണപ്പെട്ടതിനാൽ ആ വാർഡിലെ വോട്ടെടുപ്പു മാറ്റിവച്ചിട്ടു ണ്ട്. കാസർഗോഡ് ജില്ലയിലെ മംഗൽപാടി, മടിക്കൈ ഗ്രാമപഞ്ചായത്തുകളിൽ ഓരോ വാർഡുകളിലും കണ്ണൂർ ജില്ലയിലെ കണ്ണാപുരം ഗ്രാമപഞ്ചായത്തിൽ 6 വാർഡിലും മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ 3 വാർഡുകളിലും സ്ഥാനാർത്ഥികൾ എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടതിനാൽ ഗ്രാമപഞ്ചായത്ത് വാർഡിലേക്ക് വോട്ടെടുപ്പ് ഉണ്ടാകില്ല. എന്നാൽ അതത് പോളിംഗ് ബൂത്തുകളിൽ ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലേക്കുള്ള വോട്ടെടുപ്പ് നടക്കും.

## ആദ്യഘട്ട വോട്ടെടുപ്പ് : ഏഴ് ജില്ലകളിൽ പോളിങ് 70.91 ശതമാനം

**തിരുവനന്തപുരം:** തദ്ദേശ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടന്ന ഏഴ് ജില്ലകളിൽ 70.91 ശതമാനം പോളിങ് നടന്നു. തിരുവനന്തപുരം -67.47%, കൊല്ലം- 70.35%, പത്തനംതിട്ട- 66.78%, ആലപ്പുഴ- 73.80%, കോട്ടയം- 70.86%, ഇടുക്കി- 71.78%, എറണാകുളം- 74.57% എന്നിങ്ങനെയാണ് ജില്ലകളിലെ പോളിങ് ശതമാനം. കോർപ്പറേഷനുകളിൽ തിരുവനന്തപുരത്ത്- 58.29% കൊല്ലത്ത്- 63.35% കൊച്ചിയിൽ- 62.44% ആണ് പോളിങ് ശതമാനം

## ആലപ്പുഴ മണ്ണഞ്ചേരിയിൽ റീപോളിംഗ് ഇന്ന്

**ആലപ്പുഴ:** മണ്ണഞ്ചേരി ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ ഒന്നാം ബൂത്തായ മണ്ണഞ്ചേരി ഗവ. ഹൈസ്കൂളിലെ (പ്രധാന കെട്ടിടത്തിന്റെ തെക്കുഭാഗം) പോളിംഗ് സ്റ്റേഷനിൽ ഇന്ന് റീപോൾ നടക്കും. വോട്ടിംഗ് മെഷീൻ തകരാർ സംബന്ധിച്ച വരണാധികാരിയുടെ റിപ്പോർട്ടിനെ തുടർന്ന്, ഇവിടെ ഡിസംബർ 9 നടന്ന വോട്ടെടുപ്പ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ റദ്ദാക്കിയിരുന്നു.

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് അമ്പലക്കടവ് വാർഡ്, ആര്യാട് ബ്ലോക്ക് പഞ്ചായത്തിലെ മണ്ണഞ്ചേരി വാർഡ്, ആലപ്പുഴ ജില്ലാ പഞ്ചായത്തിലെ ആര്യാട് വാർഡ് എന്നിവിടങ്ങളിലേക്കാണ് റീപോൾ നടത്തുന്നത്. രാവിലെ 7 മുതൽ വൈകിട്ട് 6 വരെയാണ് വോട്ടെടുപ്പ്. സ്ഥാനാർത്ഥികളുടെയും പോളിങ് ഏജന്റുമാരുടെയും സാന്നിധ്യത്തിൽ രാവിലെ 6 ന് മോക് പോൾ നടക്കും. വോട്ടെണ്ണൽ ഡിസംബർ 13 ന് നിശ്ചയിച്ചിട്ടുള്ള കേന്ദ്രത്തിൽ തന്നെ നടത്തും. റീപോളിനായി കാൻഡിഡേറ്റ് സെറ്റിങ് നടത്തിയ വോട്ടിങ് മെഷീൻ നൽകി പോളിങ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടു്. പോളിംഗ് സ്റ്റേഷനിൽ അധിക പോലീസ് സുരക്ഷ ഏർപ്പെടുത്തും. റീപോളിൽ വോട്ട് ചെയ്യുന്നവരുടെ 'ഇടതു കൈയ്യിലെ നടുവിരലിൽ' ആയിരിക്കും മായാത്ത മഷികൊ് അടയാളം രേഖപ്പെടുത്തുക.

ഡിസംബർ 9ന് നടന്ന തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്തവരുടെ ഇടതുകൈയിലെ ചൂണ്ടുവിരലിൽ മഷി പുരട്ടിയ സാഹചര്യത്തിൽ നടുവിരലിൽ മഷിയടയാളം രേഖപ്പെടുത്തുന്നത്. വോട്ടർമാർക്ക് വോട്ടെടുപ്പിൽ പങ്കെടുക്കാൻ അവധി അനുവദിക്കാൻ നടപടി സ്വീകരിക്കാൻ കമ്മീഷൻ ജില്ലാ കളക്ടറോട് നിർദ്ദേശിച്ചിട്ടു്.

## അടിയന്തിര ചികിത്സയ്ക്ക് മെഡിസെപ് ആനുകൂല്യം നിഷേധിച്ചു: നഷ്ടപരിഹാരം നൽകണമെന്ന് ജില്ലാ ഉപഭോക്തൃ കമ്മീഷൻ

**മലപ്പുറ:** അടിയന്തിര ഘട്ടത്തിലെ ചികിത്സക്ക് മെഡിസെപ് ഇൻഷുറൻസ് പാനൽ ആശുപത്രിയിൽ അല്ലാതെ അഡ്മിറ്റ് ചെയ്താലും ഇൻഷുറൻസ് ആനുകൂല്യത്തിന് അർഹതയുണ്ടെന്ന് ജില്ലാ ഉപഭോക്തൃ കമ്മീഷൻ. കിഴിശ്ശേരി സ്വദേശിനിയ്ക്ക് ഓറിയന്റൽ ഇൻഷുറൻസ് കമ്പനി നഷ്ടപരിഹാരമായി 29,00,00 രൂപ നൽകണമെന്നും കമ്മീഷൻ വിധിച്ചു. സ്ട്രോക്ക് വന്ന് തളർന്നതിനാലാണ് പരാതിക്കാരിയെ കോഴിക്കോടുള്ള സ്വകാര്യ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തത്. മെഡിസെപ് ഇൻഷുറൻസ് പാനലിൽ സ്ട്രോക്കിനുള്ള ചികിത്സക്ക് ആശുപത്രിയെ ഉൾപ്പെടുത്തിയില്ലെങ്കിലും അടിയന്തര സ്വഭാവമുള്ള ആരോഗ്യ പ്രശ്നമായതിനാലാണ് അവിടെ ചികിത്സിച്ചത്.

ചികിത്സാ ആനുകൂല്യത്തിന് സമീപിച്ചപ്പോൾ ഇൻഷുറൻസ് കമ്പനി ആനുകൂല്യം നിഷേധിക്കുകയായിരുന്നു. തുടർന്നാണ് ജില്ലാ ഉപഭോക്തൃ കമ്മീഷനിൽ പരാതി നൽകിയത്. അപകടത്തെ തുടർന്നുണ്ടാകുന്ന അടിയന്തിര സ്വഭാവമുള്ള ചികിത്സകൾക്ക് ആനുകൂല്യം നൽകണമെന്ന് മെഡിസെപ് പദ്ധതിയിൽ തന്നെ വ്യവസ്ഥയിരിക്കെ ഇൻഷുറൻസ് നിഷേധിച്ച ഓറിയന്റൽ ഇൻഷുറൻസ് കമ്പനിക്കെതിരെയാണ് കമ്മീഷന്റെ വിധി.

ചികിത്സാ ചെലവായ 2,35,000/ രൂപയും നഷ്ടപരിഹാരമായി 50,000/ രൂപയും കോടതി ചെലവായി 5,000/ രൂപയും നൽകണമെന്ന് കമ്മീഷൻ ഉത്തരവിട്ടു. വീഴ്ച വന്നാൽ ഒൻപതു ശതമാനം പലിശ നൽകണമെന്നും കെ. മോഹൻദാസ് പ്രസിഡന്റും പ്രീതി ശിവരാമൻ, സി.വി. മുഹമ്മദ് ഇസ്മായിൽ എന്നിവർ അംഗങ്ങളുമായ ജില്ലാ കമ്മീഷൻ ഉത്തരവിൽ പറഞ്ഞു.

# ബിനാലെ വിലപ്പെട്ട അനുഭവമാകും: ഡോ. വി.വേണു

**കൊച്ചി:** മെച്ചപ്പെട്ട മാനേജ്മെന്റ് മാതൃകയിലൂടെ കൊച്ചി മുസിരിസ് ബിനാലെയുടെ (കെ.എം.ബി) പുതിയ പതിപ്പിന്റെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും സുതാര്യവും സുഗമവുമാക്കാൻ കഴിഞ്ഞതായും വിലപ്പെട്ട അനുഭവമായിരിക്കും കൊച്ചി ബിനാലെ സമ്മാനിക്കുകയെന്നും കൊച്ചി ബിനാലെ ഫൗണ്ടേഷൻ (കെ.ബി.എഫ്) ചെയർപേഴ്സൺ ഡോ.വി. വേണു. അക്കൗണ്ടിംഗ് സംവിധാനം കുറ്റമറ്റതാക്കിയതും ഭരണനിർവ്വഹ മേഖലയിൽ മുതിർന്ന ഉദ്യോഗസ്ഥരെ നിയമിച്ചതും കെ.എം.ബിയുടെ നടത്തിപ്പിന് ഊർജ്ജം നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. കെ.ബി.എഫ് സംഘടിപ്പിക്കുന്ന ബിനാലെയുടെ ആറാം പതിപ്പിന് മുന്നോടിയായി സംസാരിക്കുകയായിരുന്നു ഡോ.വേണു.

കെ.എം.ബി-6 ഡിസംബർ 12 ന് ആരംഭിക്കും. 110 ദിവസത്തെ ബിനാലെ 2026 മാർച്ച് 31 വരെ നീണ്ടുനിൽക്കും. 2012 ലെ ആദ്യ പതിപ്പ് മുതൽ വിവിധ തലങ്ങളിൽ കൊച്ചി മുസിരിസ് ബിനാലെയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഡോ. വേണു സംസ്ഥാന ചീഫ് സെക്രട്ടറി സ്ഥാനത്ത് നിന്ന് വിരമിച്ച് ഒരു മാസത്തിന് ശേഷം 2024 സെപ്റ്റംബറിലാണ് കെബിഎഫ് ചെയർപേഴ്സണായി ചുമതലയേറ്റത്. ബിനാലെയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട അടിസ്ഥാന പ്രശ്നങ്ങളും അവ പരിഹരിക്കാൻ കൈക്കൊണ്ട നടപടികളും അദ്ദേഹം വിശദീകരിച്ചു. ഒരു വർഷം മുമ്പ് ഫൗണ്ടേഷൻ ഇതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതായി ഡോ. വേണു പറഞ്ഞു. സിഎക്സ്ഒകളിൽ ഉൾപ്പടെയുള്ള പ്രധാന തസ്തികകളിൽ മികച്ച പ്രൊഫഷണലുകളെ നിയമിച്ചു. എസ്ഒപികൾ (സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങൾ) നിർവ്വചിക്കുകയും പ്രൊഫഷണൽ അക്കൗണ്ടിംഗ് മാനദണ്ഡങ്ങൾ പാലിക്കുകയും ചെയ്യുകയെന്ന ഫൗണ്ടേഷന്റെ പ്രധാന ദൗത്യത്തിന്റെ ഭാഗമാണിത്.

വാർഷിക ഓഡിറ്റിംഗ് കുറ്റമറ്റതാക്കാനുള്ള സംവിധാനം കെബിഎഫിന് ഇല്ലായിരുന്നു. ഭരണ സംവിധാനം കുറ്റമറ്റ രീതിയിൽ പുനഃക്രമീകരിക്കുന്നതിൽ താൻ ശ്രദ്ധാലുവായിരുന്നവെന്ന് ഡോ. വേണു പറഞ്ഞു. ഭരണപരവും സാമ്പത്തികവുമായ പ്രശ്നങ്ങൾ ഇല്ലായിരുന്നെങ്കിൽ ബിനാലെയുടെ കഴിഞ്ഞ പതിപ്പ് (കെ.എം.ബി 5) കൂടുതൽ മികച്ച അനുഭവമാകുമായിരുന്നു. രണ്ട് വർഷത്തിലൊരിക്കൽ നടക്കുന്ന ബിനാലെയുടെ വ്യാതിക്ക് മങ്ങലേൽപ്പിച്ച സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പുതിയ മാനേജ്മെന്റ് മാതൃകയിലൂടെ സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു.2010ൽ രജിസ്റ്റർ ചെയ്ത ചാരിറ്റബിൾ ട്രസ്റ്റായി രജിസ്റ്റർ ചെയ്ത കെ.ബി.എഫ് വിപുലീകരിക്കുകയും നവീകരിക്കുകയും ചെയ്തപ്പോൾ ഫൗണ്ടേഷൻ അതിന്റെ ട്രസ്റ്റ് ഡീഡിൽ ഭേദഗതി വരുത്തുകയും അധികാരികൾക്ക് വ്യക്തതയും ഉത്തരവാദിത്തവും കൊണ്ടുവരികയും ചെയ്തു.

ധനകാര്യ, അക്കൗണ്ടിംഗ് രീതികളെ ശുദ്ധീകരിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. കലാപരമായ മികവിന് കൊച്ചി മുസിരിസ് ബിനാലെ ആഗോള പ്രശസ്തി നേടിയപ്പോഴും ഫൗണ്ടേഷൻ അതിന്റെ അഞ്ച് പതിപ്പുകളുടെയും നടത്തിപ്പിൽ പ്രതിസന്ധി നേരിട്ടിരുന്നുവെന്നത് ദുഃഖകരമാണെന്ന് ഡോ. വേണു ചൂണ്ടിക്കാട്ടി. 2023 ൽ ആകെ 14 വേദികളാണ് ഉണ്ടായിരുന്നത്. ആറാം പതിപ്പിലേക്കുള്ള കലാകാരന്മാരുടെ തെരഞ്ഞെടുപ്പ് കെ.എം.ബി പ്രസിഡന്റ് ബോസ് കൃഷ്ണമാചാരിയും ക്യൂറേറ്റർ നിഖിൽ ചോപ്രയും പൂർത്തിയാക്കിയതോടെ വേദിയുടെ എണ്ണത്തിൽ ഉണ്ടായ ഈ വർധനവ് അംഗീകരിക്കുന്നതിൽ കെ.എം.ബിക്ക് ഒരു പ്രശ്നവുമില്ലായിരുന്നുവെന്ന് വേണു പറഞ്ഞു.




22 വേദികൾക്ക് പുറമേ ഏഴ് സമാന്തര പ്രദർശന വേദികളുമുണ്ടാകും. ഇവയെല്ലാം സന്ദർശിക്കാൻ കുറഞ്ഞത് മൂന്ന് ദിവസമെങ്കിലും വേണ്ടിവരും. ഇത് ബിനാലെ കാണാനെത്തുന്നവർക്ക് വിലപ്പെട്ട അനുഭവമായി മാറുമെന്ന് ഉറപ്പാണ്. മുൻ പതിപ്പുകളിൽ നിന്ന് വ്യത്യസ്തമായി ഫോർട്ട് കൊച്ചിയിലെ ആസ്പിൻവാൾ ഹൗസിന് പുറത്തും ബിനാലെ പ്രദർശനത്തിന്റെ നല്ലൊരു പങ്കിന് വേദിയാകും. എറണാകുളം ടൗണിലെ ദർബാർ ഹാൾ ഗാലറിക്ക് പുറമേ വില്ലിംഗ്ടൺ ഐലന്റ് കെഎംബി6 ന്റെ പുതിയ വേദിയാകും. കെ.എം.ബി 6 സന്ദർശനം പൂർത്തിയാക്കാൻ ബോട്ടിംഗ് യാത്രകളും വേണ്ടിവരും.

നഗരത്തിലെ പുതിയ വാട്ടർ മെട്രോയ്ക്ക് ഇത് ഗുണം ചെയ്യുമെന്ന് വേണു അഭിപ്രായപ്പെട്ടു. ബിനാലെ സീസൺ കേരളത്തിലെ വിനോദസഞ്ചാര മേഖലയ്ക്ക് മികച്ച ബിസിനസ് സാധ്യതകൾ പ്രദാനം ചെയ്യുമെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഹോംസ്റ്റേകളും റിസോർട്ടുകളും ഉൾപ്പെടെയുള്ള ഹോസ്പിറ്റാലിറ്റി വ്യവസായത്തിനും ഇത് നല്ല സമയമായിരിക്കും. ബിനാലെയുമായി ബന്ധപ്പെട്ടുള്ള ടൂറിസം സാധ്യതകളെയും പാക്കേജുകളെയും കുറിച്ചുള്ള സാധ്യതകൾ തേടാൻ കേരള ട്രാവൽ മാർട്ട് ഉൾപ്പെടെയുള്ള പങ്കാളികളുമായി കൂടിക്കാഴ്ച നടത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

# എക്സൈസ് സ്പെഷ്യൽ ഡ്രൈവ്

# 118 അബ്കാരി കേസുകളും 38 മയക്കുമരുന്ന് കേസുകളും രജിസ്റ്റർ ചെയ്തു

**പാലക്കാട്:** തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പ് ക്രിസ്മസ് പുതുവത്സരാഘോഷവുമായി ബന്ധപ്പെട്ട് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് സ്പെഷ്യൽ ഡ്രൈവിൽ ജില്ലയിൽ നടത്തിയ 855 പ്രത്യേക പരിശോധനകളിൽ 118 അബ്ക്കാരി കേസുകളും 38 മയക്കു മരുന്ന് കേസുകളും കണ്ടെത്തി. ഈ കേസുകളിലായി 125 പേരെ അറസ്റ്റ് ചെയ്തു. അബ്ക്കാരി കേസുകളിൽ 475.450 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം, 121.5 ലിറ്റർ ചാരായം,7447 ലിറ്റർ വാഷ്, 6.5 ലിറ്റർ ബിയർ, 2543 ലിറ്റർ കള്ള്, അഞ്ച് വാഹനങ്ങൾ എന്നിവ പിടിച്ചെടുത്തു.

മയക്കുമരുന്ന് കേസുകളിൽ നിന്ന് 81.181 കിലോ ഗ്രാം കഞ്ചാവ്, 3797 എണ്ണം കഞ്ചാവ് ചെടികൾ, 1100 ഗ്രാം ഹാഷിഷ് ഓയിൽ, 1000 ബ്രുപ്രിനോർഫിൻ ടാബ്, മൂന്ന് ഇ-സിഗരറ്റ്, ഒരു വാഹനം എന്നിവ പിടിച്ചെടുത്തു.

പുകയില ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട് 665 കേസുകൾ കണ്ടെത്തുകയും ഈ കേസുകളിലായി 37.421 കിലോഗ്രാം പുകയില ഉൽപ്പന്നങ്ങൾ പിടിച്ചെടുത്ത് 1.35 ലക്ഷം രൂപ പിഴ ഈടാക്കുകയും ചെയ്തു. 889 കള്ളു ഷാപ്പുകളും 653 കള്ള് കടത്ത് വാഹനങ്ങളും പരിശോധിച്ച് 191 കള്ള് സാമ്പിളുകളും 55 ബാറുകളിൽ പരിശോധിച്ചു. 12782 വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കി.

573 കള്ള് ചെത്ത് തോട്ടങ്ങളിൽ പരിശോധന നടത്തി. 193 സ്കൂൾ, 18 റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിലും 21 അതിഥി തൊഴിലാളി ക്യാമ്പുകളിലും പരിശോധന നടത്തി.

കള്ള് ഷാപ്പുകൾ ഉൾപ്പെടെയുള്ള ലൈസൻസ് സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ഈ കാലയളവിൽ പ്രത്യേകം നിരീക്ഷിച്ച് വരുന്നുണ്ട്. കൂടാതെ എല്ലാ ഡിസ്റ്റിലറി/ ബ്രൂവറികളിലും പ്രത്യേക നിരീക്ഷണം നടത്തുന്നുണ്ട്. റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, പൊലീസ്, റവന്യൂ, ഫോറസ്റ്റ് തുടങ്ങിയ വകുപ്പുകളും ആയി ചേർന്ന സംയുക്ത പരിശോധനകൾ നടത്തി. അട്ടപ്പാടി ചിറ്റൂർ മേഖല എന്നിവിടങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തി പ്രത്യേക റെയിഡുകൾ നടത്തി. അതിർത്തി വഴികളിലൂടെയുള്ള കടത്തൽ കർശനമായി നിരീക്ഷിച്ച് നടപടി എടുക്കുന്നതിന് കർശന നിർദ്ദേശം ഉള്ളതായി പാലക്കാട് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ പി. കെ സതീഷ് അറിയിച്ചു.

# കുന്നത്ത്നാട് കോ.സി സഖ്യത്തിന് പിന്നിൽ പി.വി ശ്രീനിജൻ ; ലക്ഷ്യം നിയമസഭയെന്ന് ട്വന്റി20 പാർട്ടി

**കൊച്ചി:** കുന്നത്ത്നാട് സിപിഎമ്മിനെ നയിക്കുന്നത് ജനാധിപത്യമല്ല പി.വി ശ്രീനിജൻ എംഎൽഎയുടെ പണാധിപത്യമാണെന്ന് ട്വന്റി20 പാർട്ടി സംസ്ഥാന പ്രസിഡന്റ് സാബു എം.ജേക്കബ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഒരേ സമയം കോൺഗ്രസും കമ്മ്യൂണിസ്റ്റുമായ പി.വി ശ്രീനിജനാണ് കോൺഗ്രസുമായി ചേർന്ന് കോ. സി സഖ്യമുണ്ടാക്കിയതിനു പിന്നിൽ പ്രവർത്തിച്ചത്. തദ്ദേശ സ്ഥാപന തിരഞ്ഞെടുപ്പിൽ രൂപീകരിച്ച കോ.സി സഖ്യം അടുത്ത നിയമസഭാ തിരഞ്ഞെടുപ്പിലും തുടരണമെന്നാണ് കരാർ. കുന്നത്ത് നാട്ടിൽ നിന്ന് വീണ്ടും ശ്രീനിജന് ജയിക്കണമെങ്കിൽ ഈ കൂറുമുന്നണി അനിവാര്യമാണ്. തദ്ദേശതിരഞ്ഞെടുപ്പിൽ കോൺഗ്രസിനേയും നിയമസഭാ തിരഞ്ഞെടുപ്പിൽ സി.പി.എമ്മിനേയും വിജയിപ്പിക്കുക എന്നതാണ് അജണ്ട.

നിലവിൽ കുന്നത്തുനാട് പെയ്മെന്റ് സീറ്റാണെന്ന ആരോപണമുണ്ട്.വീണ്ടും ഇവിടെ മത്സരിക്കാൻ അരങ്ങൊരുക്കുകയാണ് ശ്രീനിജിൻ. അതിന് എത്ര പണം മുടക്കാനും അദ്ദേഹത്തിന് മടിയില്ല. നാല് വർഷം പിന്നിടുമ്പോൾ എം.എൽ.എ എന്ന സുഖലോലുപതയെ കൈവിട്ടുകളയാൻ ഒരുക്കമല്ലാത്തതിനാൽ ഒരിക്കൽകൂടി പെയ്മെന്റ് സീറ്റായി മണ്ഡലത്തിൽ മത്സരിക്കാനുള്ള ട്രയൽറണ്ണായാണ് ഇക്കുറി തദ്ദേശ തിരഞ്ഞെടുപ്പിനെ ശ്രീനിജൻ മറയാക്കിയതെന്നും കുന്നത്ത് നാട് കോൺഗ്രസിനെയും സിപിഎമ്മിനെയും നിയന്ത്രിക്കുന്നതും പി.വി ശ്രീനിജനാണെന്നും സാബു എം. ജേക്കബ് ആരോപിച്ചു.

സാധാരണഗതിയിൽ സി.പി.എമ്മിനെ നിയന്ത്രിക്കുന്നത് പാർട്ടി ജില്ലാ സെക്രട്ടറിയും, ഏരിയസെക്രട്ടറിയുമാണ് എന്നാൽ കുന്നത്തുനാട്ടിൽ ശ്രീനിജിൻ തന്റെ പണാധിപത്യത്തിൽ ജില്ല മുതൽ ബ്രാഞ്ച് വരെയുള്ള സർവ കമ്മിറ്റികളേയും വിലക്കെടുത്ത് തന്റെ ഏകാധിപത്യം പാർട്ടിയിൽ നടപ്പാക്കുകയാണ്. പണത്തിന് മീതെ പരുന്തും പറക്കില്ലെന്ന് ശ്രീനിജിനറിയാം. ട്വന്റി20യുടെ പഞ്ചായത്ത്പ്രസിഡന്റായിരിക്കെ അഴിമതികണ്ടെത്തി പുറത്താക്കിയ ആളെ 24മണിക്കൂറിനുള്ളിൽ മാമോദീസമുക്കി വിശുദ്ധയായി പ്രഖ്യാപിച്ച് അവർക്ക് പാർട്ടി ചിഹ്നം നൽകി മത്സരിപ്പിക്കാൻ കഴിഞ്ഞെങ്കിൽ അത്ശ്രീനിജിനല്ലാതെ സി.പി.എമ്മിൽ സംസ്ഥാനസെക്രട്ടറിയ്ക്ക് പോലും കഴിയാത്ത കാര്യമാണെന്നും സാബു ജേക്കബ് ആരോപിച്ചു.

## മൂന്നാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ്

**തിരുവനന്തപുരം:** 2025 വർഷത്തെ ആയുർവേദ/ഹോമിയോ/സിദ്ധ/യുനാനി/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഫീസ് അടച്ചതിനുശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഡിസംബർ 10 വൈകിട്ട് 4 മണിക്ക് മുമ്പ് രേഖകളുമായി ഹാജരായി പ്രവേശനം നേടണം. വിശദവിവരങ്ങൾക്ക് : 0471-2525300.

## കെ.എസ്.ആർ.ടി.സി ക്രിസ്തുമസ് പുതുവത്സര വിനോദയാത്ര

**കാഞ്ഞങ്ങാട്:** കാഞ്ഞങ്ങാട് കെ.എസ്.ആർ.ടി.സി. ബജറ്റ് ടൂറിസം സെൽ ക്രിസ്തുമസ് പുതുവത്സര അവധിക്കാലത്ത് വിനോദയാത്രകൾ സംഘടിപ്പിക്കുന്നു. ഏകദിന യാത്രകളിൽ ഡിസംബർ 23, 27, 31 എന്നീ തീയ്യതികളിൽ വയനാട് (ബാണാസുര സാഗർ, എൻ ഊര്, ഹണി മ്യൂസിയം ജംഗിൾ സഫാരി) യാത്രയും, ഡിസംബർ 26, ജനുവരി 2 എന്നീ തീയ്യതികളിൽ പാലക്കയം തട്ട്, പൈതൽമല, ഏഴരക്കുണ്ട് യാത്രയും, ഡിസംബർ 27ന് കോഴിക്കോട്, കരിയത്തുംപാറ യാത്രയും ഡിസംബർ 30ന് കണ്ണൂർ , ജനുവരി ഒന്ന് കടലുണ്ടി, ചാലിയം യാത്രയും സംഘടിപ്പിക്കുന്നു. കൂടാതെ ഡിസംബർ 28ന് ആരംഭിച്ച് 31ന് അവസാനിക്കുന്ന യാത്രയിൽ ഗവി, അടവി, കമ്പം, രാമക്കൽ മേട്, പരുന്തുംപാറ, തുടങ്ങിയ സ്ഥലങ്ങൾ ഉൾപ്പെടുന്നു. ഡിസംബർ 26 ന് വാഗമൺ, ഇല്ലിക്കൽകല്ല്, ഇലവീഴാപൂഞ്ചിറ എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് 29ന് രാവിലെ മടങ്ങിയെത്തും. 29 മുതൽ 31 വരെ നിലമ്പൂർ, കക്കാടംപൊയിൽ യാത്രയും സംഘടിപ്പിക്കുന്നു. ഫോൺ 9446088378, 8606237632.

## തീയതി നീട്ടി

**തിരുവനന്തപുരം:** കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ അനുബന്ധ സ്ഥാപനങ്ങളിലെ വിവിധ തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വകുപ്പുകളിൽ നിന്നും അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ജനുവരി 3 വരെ നീട്ടി. വിശദ വിവരങ്ങൾക്ക്: www.kelsa.keralacourts.in.

## ഗോഡൗൺ വാടകയ്ക്ക്

**തിരുവനന്തപുരം:** ക്ലീൻ കേരള കമ്പനി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും അജൈവ പാഴ് വസ്തുക്കളുടെ പരിപാലനത്തിനായി പ്രവർത്തിപ്പിക്കുന്നതിന് 20,000 സ്ക്വയർ ഫീറ്റോ അതിന് മുകളിലോ വിസ്തീർണമുള്ള ഗോഡൗണുകൾ വാടകയ്ക്ക് എടുക്കുന്നു. പ്രൊപ്പോസൽ 31 ന് വൈകിട്ട് 5 നകം നൽകണം.

# കെഫോൺ ലക്ഷ്യമിടുന്നത് എല്ലാവർക്കും ഇന്റർനെറ്റ് സൗകര്യം

***കേരളത്തിന്റെ സ്വന്തം ഇന്റർനെറ്റ് സംവിധാനം കെ ഫോണിന്റെ പ്രസക്തി സംബന്ധിച്ച് കെഫോൺ മാനേജിംഗ് ഡയറക്ടർ ഡോ.സന്തോഷ് ബാബു (റിട്ട) ഐ.എ.എസ് വിവരങ്ങൾ പങ്കുവെയ്ക്കുന്നു***

**ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ഡിജിറ്റൽ ബാക്ബോണായി മാറാൻ ഈ ചുരുങ്ങിയ കാലയളവിൽ കെഫോണിനു സാധിച്ചു. മറ്റു പല സംസ്ഥാനങ്ങളും മടിച്ചു നിന്നിടത്ത് ഇങ്ങനെയൊരു വിജയം കൈവരിക്കാൻ കെഫോണിനു കഴിഞ്ഞത് എങ്ങനെ?**

കെ ഫോണിന്റെ ഈ വിജയത്തിന് നിരവധി ഘടകങ്ങളാണുള്ളത്. ദീർഘവീക്ഷണം, മികച്ച നെറ്റ് വർക്ക് ഇൻഫ്രാസ്ട്രക്ചർ, ആധുനിക സാങ്കേതിക വിദ്യകൾ കൂട്ടിയിണക്കിയ ഇ-ഗവേണൻസ് മോഡൽ, ഉയർന്ന നിലവാരമുള്ള ഒപ്റ്റിക് ഫൈബർ ഇവയെല്ലാം തന്നെ കെഫോണിനെ വിജയത്തിലേക്ക് നയിച്ച പ്രധാന ഘടകങ്ങളാണ്. സംസ്ഥാനമൊട്ടാകെ യാതൊരുവിധത്തിലുള്ള വേർതിരിവുമില്ലാതെ എല്ലാർക്കും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കാനാണ് കെ ഫോണിലൂടെ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. കുറഞ്ഞ നിരക്കിൽ സാധാരണക്കാർക്ക് പോലും ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതും ബിപിഎൽ കുടുംബങ്ങൾക്ക് മുൻഗണന നൽകുന്നതും ജനങ്ങൾക്കിടയിൽ ഇതിനോടകം തന്നെ ഏറെ ശ്രദ്ധ നേടാൻ കെഫോണിനെ സഹായിച്ചിട്ടുണ്ട്. ഇത് കൂടാതെ, ഇന്റർനെറ്റിനു പുറമെ വിനോദവും വിജ്ഞാനവും ഒരുമിച്ച് ജനങ്ങളിലേക്കെത്തിക്കാൻ കൂടി കഴിഞ്ഞത് കെഫോണിന്റെ വിജയത്തിന്റെ വലിയൊരു ചുവടുവയ്പ്പായിരുന്നു.

**സംസ്ഥാനത്തുടനീളമുള്ള കണക്ഷനുകളുടെ സ്ഥിരതയും സേവനത്തിന്റെ വിശ്വാസ്യതയും ഉറപ്പാക്കാൻ കെഫോൺ സ്വീകരിക്കുന്ന പ്രധാന നടപടികൾ എന്തൊക്കെയാണ്?**

ഉയർന്ന നിലവാരമുള്ള ഒപ്റ്റിക് ഫൈബർ സംവിധാനങ്ങൾ മുഖേന സംസ്ഥാനത്തിന്റെ എല്ലാ കോണുകളിലേക്കും ഇന്റർനെറ്റ് എത്തിക്കുന്നുണ്ടെന്ന് കെഫോൺ ഉറപ്പുവരുത്തുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന നെറ്റ് വർക്ക് ഓപ്പറേഷൻസ് സെന്റർ (NOC) മുഖേന കണക്ഷനുകൾ നിരന്തരം നിരീക്ഷിക്കുകയും, തടസ്സങ്ങൾ തത്സമയം കണ്ടെത്തി പരിഹരിക്കുകയും ചെയ്യുന്നുണ്ട്. ഇന്റർനെറ്റ് സേവനത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിനായി കെഫോൺ അടുത്തിടെ നടത്തിയ ' മെറ്റാ കാഷിംഗ് ' വലിയ ശ്രദ്ധയാണ് നേടിയിരിക്കുന്നത്. ഇതുവഴി ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം പോലുള്ള മെറ്റാ പ്ലാറ്റ്ഫോമുകളിലേക്കുള്ള ആക്സസ്സ് വളരെ വേഗത്തിൽ ലഭ്യമാകുന്നതിനും ഇതിലൂടെ വീഡിയോകളുടെ ഗുണമേന്മ മെച്ചപ്പെടുകയും, റീൽസ്, പോസ്റ്റുകൾ തുടങ്ങിയവ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ അപ്ലോഡ് ചെയ്യുന്നതിനും സാധ്യമാകും. കൂടാതെ, ഇൻസ്റ്റാളേഷനും മെയ്ന്റനൻസും സംബന്ധിച്ച് കർശനമായ സാങ്കേതിക മാനദണ്ഡങ്ങൾ പാലിക്കുന്നതും, ജില്ലകളിലുടനീളം പ്രവർത്തിക്കുന്ന മൂവായിരത്തിലധികം ലോക്കൽ നെറ്റ് വർക്ക് ഓപ്പറേറ്റർമാരുമായി സഹകരിച്ച് സേവന ഗുണമേന്മ ഉറപ്പാക്കുന്നതും സേവന വിശ്വാസ്യത ഉയർത്തുന്ന പ്രധാന ഘടകങ്ങളാണ്. മാത്രമല്ല സാങ്കേതിക മികവും ആധുനിക സംവിധാനങ്ങളും ഒരുമിച്ച് പ്രവർത്തിക്കുന്ന കെ ഫോൺ ടെക്നിക്കൽ കോൾ സെന്റർ ഉപഭോക്തൃ സേവനങ്ങൾക്ക് വലിയ പിന്തുണയാണ് നൽകുന്നത്. വേഗത്തിൽ ഉള്ള പ്രശ്നപരിഹാരവും മലയാളത്തിലും ഇംഗ്ലീഷിലും സേവനങ്ങൾ ലഭ്യമാകുന്നതും കെ ഫോണിന്റെ സ്വീകാര്യത വർധിപ്പിക്കുന്നു.



ഡോ. സന്തോഷ് ബാബു ഐ.എ.എസ്(റിട്ട). മാനേജിംഗ് ഡയറക്ടർ, കെഫോൺ

**നിലവിൽ 27,000ത്തിലധികം സർക്കാർ ഓഫിസുകളിൽ കെ ഫോൺ കണക്ഷനാണ് ഉപയോഗിക്കുന്നത്. കെ ഫോണിന്റെ കടന്നു വരവ് സംസ്ഥാനത്തെ പൊതുജന സേവന രംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ട് വന്നിരിക്കുന്നത്?**

സംസ്ഥാനത്തെ പൊതു സേവനങ്ങളെ കൂടുതൽ ത്വരിതപ്പെടുത്താൻ കെ ഫോണിന്റെ കടന്നുവരവോടെ സാധ്യമായിട്ടുണ്ട്. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഇരുപത്തിയേഴായിരത്തിലധികം സർക്കാർ ഓഫിസുകളിൽ ഇന്റർനെറ്റ് കണക്ഷൻ നൽകുന്നത് കെഫോണാണ്. പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ പൊതുജനസേവന സ്ഥാപനങ്ങളിലുട നീളമുള്ള കെ ഫോണിന്റെ സാന്നിധ്യം സേവനത്തിന്റെ ഗുണമേന്മയും വേഗതയും ഗണ്യമായി ഉയർത്തിയിട്ടുണ്ട്. ബിൽഡിംഗ് പെർമിറ്റ്, ലൈസൻസ്, ജനനമരണ രേഖകൾ, ട്രാഫിക് മാനേജ്മെന്റ് , മാലിന്യ സംസ്കരണം തുടങ്ങിയ എല്ലാ പ്രവർത്തനങ്ങളും കൃത്യതയോടെ നടപ്പിലാക്കുന്നു. ഓഫീസുകൾ തമ്മിലുള്ള ഡാറ്റ ഷെയറിംഗ്, ഓൺലൈൻ ഫയൽ മൂവ്മെന്റ് , ഇ-ഓഫീസ്, ഇ-ഗവേണൻസ് പ്രോജക്റ്റുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ അതിവേഗം സാധ്യമാകുന്നു. മാത്രമല്ല ജനങ്ങൾക്ക് പരാതി നൽകാനും നൽകിയ അപേക്ഷകളുടെ പുരോഗതി നിരീക്ഷിക്കാനും ഓൺലൈനായി സാധ്യമായതോടുകൂടി പൊതു ജനങ്ങളും സർക്കാരുമായുള്ള ബന്ധം കൂടുതൽ സുതാര്യമായി. അടിയന്തര സാഹചര്യങ്ങളിൽ വിവരങ്ങൾ വേഗത്തിൽ കൈമാറാനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുമുള്ള സൗകര്യം ഒരുക്കിക്കൊണ്ട് ഭരണസംവിധാനങ്ങൾക്ക് വലിയ പിന്തുണയാണ് കെ ഫോൺ നൽകുന്നത്.

**ഡിജിറ്റൽ സൗകര്യങ്ങൾ ലഭിക്കാതെ ഒറ്റപ്പെട്ടിരുന്ന പ്രദേശങ്ങളിലെയും ബി.പി.എൽ വിഭാഗങ്ങളിലെയും കുടുംബങ്ങൾക്ക് കെ ഫോൺ കൊണ്ട് വന്ന മാറ്റങ്ങൾ എന്തൊക്കെ?**

ഇന്ത്യയിലെ ഗ്രാമീണ ജനസംഖ്യയിൽ ഏകദേശം 31 ശതമാനം മാത്രമാണ് ഇന്റർനെറ്റ് ഉപയോഗിക്കുന്നത്, അതേ സമയം നഗരങ്ങളിൽ ഈ കണക്ക് 67 ശതമാനം ആണ്. ഈ വലിയ അന്തരം (Digital Divide) നികത്താനാണ് കെ ഫോൺ ശ്രമിക്കുന്നത്. അതിവേഗ ഫൈബർ ഒപ്റ്റിക് നെറ്റ് വർക്ക് വിദൂര ആദിവാസി മേഖലകളിലടക്കം എത്തിക്കുന്നത് വഴി, ഭൂമിശാസ്ത്രപരമായ തടസ്സങ്ങൾ പോലുമില്ലാതെ എല്ലാ വിഭാഗം ജനങ്ങളിലേക്കും ഇന്റർനെറ്റ് സേവനമെത്തിക്കാൻ കെ ഫോണിനു അതിവേഗം സാധിക്കുന്നു. കോട്ടൂർ, പന്തലാടിക്കുന്ന്, അട്ടപ്പാടി തുടങ്ങി നിരവധി പ്രദേശങ്ങളിൽ കെ ഫോൺ കണക്ഷൻ നൽകുന്നുണ്ട്. പേര്യ34 പോലെ മൊബൈൽ നെറ്റ് വർക്ക് ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ പോലും അതിവേഗ നടപടിയിലൂടെ കണക്ഷൻ നൽകാൻ കെ ഫോണിനു സാധിച്ചു. ഇന്റർനെറ്റിന്റെ അഭാവം മൂലം വിദ്യാഭ്യാസം, തൊഴിലവസരങ്ങൾ, അത്യാവശ്യ ആശയവിനിമയം തുടങ്ങിയ നിരവധി കാര്യങ്ങളിൽ ബുദ്ധിമുട്ടിയിരുന്ന ഇത്തരം പ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് കെ ഫോൺ കണക്ഷനുകൾ ലഭ്യമായതോടെ വലിയ ആശ്വാസത്തിനിടയായി .

**2026 ഓടെ രണ്ടര ലക്ഷം കണക്ഷൻ പൂർത്തിയാക്കുക എന്നതാണല്ലോ കെഫോണിന്റെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യം യാഥാർഥ്യമാക്കാനുള്ള എന്തൊക്കെ നടപടികളാണ് കെ ഫോൺ അടുത്ത ഘട്ടങ്ങളിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്?**

2026 ഓടെ രണ്ടര ലക്ഷം കണക്ഷനുകൾ പൂർത്തിയാക്കുക എന്ന ലക്ഷ്യം യാഥാർഥ്യമാക്കുന്നതിനായി കെഫോൺ ടീം അക്ഷീണ പരിശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനവ്യാപകമായി ഫൈബർ നെറ്റ് വർക്ക് കൂടുതൽ ശക്തപ്പെടുത്തുന്നതോടൊപ്പം, ജില്ലാതലത്തിലും ഗ്രാമീണ തലത്തിലും ഇൻഫ്രാസ്ട്രക്ചർ വിപുലീകരണം വേഗത്തിലാക്കും. കൂടുതൽ പ്രദേശങ്ങളിൽ ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിനായി ലോക്കൽ നെറ്റ് വർക്ക് ഓപ്പറേറ്റർമാരുടെ പങ്കാളിത്തം വർധിപ്പിക്കുകയും കൂടുതൽ ഓപ്പറേറ്റർമാരെക്കൂടി ഉൾപ്പെടുത്തുകയും ചെയ്യും. സർക്കാർ സ്ഥാപനങ്ങൾ, പൊതു സേവന കേന്ദ്രങ്ങൾ, വിദ്യാഭ്യാസആരോഗ്യ മേഖലകൾ എന്നിവയുമായി ബന്ധപ്പെട്ട കണക്ഷനുകൾക്ക് മുൻഗണന കൊടുത്ത് പൂർത്തിയാക്കാനും പദ്ധതിയുണ്ട്. വരും ദിവസങ്ങളിൽ കേരളത്തിലെ ടെക്പാർക്കുകളിലും കെ ഫോൺ കണക്ഷൻ ലഭിച്ചു തുടങ്ങും. ഐപിവിറ്റി സേവനവും വിഎൻഒ ലൈസൻസിന്റെയും അടിസ്ഥാനത്തിലുള്ള പുതിയ പദ്ധതികളും അടുത്ത ഘട്ടങ്ങളിലായി പൂർത്തിയാക്കാനും കെഫോൺ ലക്ഷ്യമിടുന്നുണ്ട്.

# ശോഭ ബ്രൂട്ടയുടെ ദി ലൈറ്റ്നസ് ഓഫ് ബീയിംഗ് 14ന്

**കൊച്ചി:** ശോഭ ബ്രൂട്ടയുടെ ധ്യാനാത്മകവും ആഴത്തിൽ പ്രതിധ്വനിക്കുന്നതുമായ കലാസൃഷ്ടികൾ പ്രദർശിപ്പിക്കുന്ന കൊച്ചി-മുസിരിസ് ബിനാലെ 2025-26 ന്റെ ഔദ്യോഗിക കൊളാറ്ററൽ പ്രോജക്റ്റായ ആർഡി ഫൗണ്ടേഷൻ ദി ലൈറ്റ്നസ് ഓഫ് ബീയിംഗ് പ്രഖ്യാപിച്ചു. ഫോർട്ട് കൊച്ചിയിലെ മോച്ച ആർട്ട് കഫേയിൽ 14ന് ആരംഭിക്കുന്ന പ്രദർശനം ക്യൂറേറ്ററും സാംസ്കാരിക ആർക്കൈവിസ്റ്റുമായ ഇന പുരിയാണ് ക്യൂറേറ്റ് ചെയ്യുന്നത്. ശോഭ ബ്രൂട്ടയുടെ കൃതികൾ അപൂർവമായ ശാന്തതയും ആത്മീയ ബുദ്ധിശക്തിയും വഹിക്കുന്നു, അത് കാലാതീതവും ഇന്നത്തെ ലോകത്ത് അടിയന്തിരമായി ആവശ്യവുമാണെന്ന് തോന്നുന്നു.

കൊച്ചി മുസിരിസ് ബിനാലെയിൽ അവരെ അവതരിപ്പിക്കുന്നത് അഭിമാനകരമാണെന്ന് ഷെഫാലി വർമ്മ പറഞ്ഞു. ദി ലൈറ്റ്നെസ് ഓഫ് ബീയിംഗിന്റെ കാതൽ ശോഭ ബ്രൂട്ടയുടെ അമൂർത്തീകരണം, ഐക്യം, ദൃശ്യ നിശബ്ദത എന്നിവയെക്കുറിച്ചുള്ള ആജീവനാന്ത പര്യവേക്ഷണമാണ്. ഇന്ത്യൻ കലാകാരന്മാരുമായുള്ള പതിറ്റാണ്ടുകളുടെ ഇടപെടലിലൂടെ രൂപപ്പെട്ട ഇന പുരിയുടെ ക്യൂറേറ്റോറിയൽ ദർശനത്തിലൂടെ, ബ്രൂട്ടയുടെ കൃതികൾ മോച്ച ആർട്ട് കഫേ അലങ്കരിക്കും. മോച്ച ആർട്ട് കഫേയിൽ അവരുടെ ചിത്രങ്ങൾ പ്രേക്ഷകർക്ക് കലയുടെ ആഴം, വിശുദ്ധി, നിശബ്ദ ശക്തി എന്നിവ അനുഭവവേദ്യമാക്കും.



കൊച്ചിയിൽ പുതിയ പ്രേക്ഷകരെ കണ്ടുമുട്ടാൻ എന്റെ കലയ്ക്ക് ഈ അവസരം സൃഷ്ടിച്ചതിന് ആർഡി ഫൗണ്ടേഷനോടും ഇന പുരിയോടും നന്ദിയുണ്ട്. ബിനാലെ കണ്ടെത്തലിനുള്ള ഒരു ഇടമാണ്. ഈ സൃഷ്ടികളിൽ സന്ദർശകർക്ക് സമാധാനത്തിന്റെ ഒരു നിമിഷം കണ്ടെത്താനാകുമെന്ന് പ്രതീക്ഷിക്കുന്നതായി ശോഭ ബ്രൂട്ട പറഞ്ഞു.

1997 ൽ അശോക് വർമ്മ സ്ഥാപിച്ച ആർഡി ഫൗണ്ടേഷൻ ഷെഫാലി വർമ്മയുടെ നേതൃത്വത്തിൽ കല, വിദ്യാഭ്യാസം, സമൂഹം എന്നിവയ്ക്കായി പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൊച്ചി ബിനാലെ ഫൗണ്ടേഷന്റെ ഉപദേശക സമിതിയിലും ഷെഫാലി വർമ്മ അംഗമാണ്. കൊച്ചി മുസിരിസ് ബിനാലെ 2025-26 ൽ ആരംഭിക്കുന്ന വേളയിൽ, ഇന്ത്യയുടെ സാംസ്കാരിക ഭാവനയെ രൂപപ്പെടുത്തുന്ന കലാപരമായ ശബ്ദങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള പ്രതിബദ്ധത ആർഡീ ഫൗണ്ടേഷൻ വീണ്ടും ഉറപ്പിക്കുന്നു. ഒരു പ്രദർശനം എന്നതിലുപരി, സമൂഹങ്ങളിലുടനീളം സംഭാഷണത്തിന് പ്രചോദനം നൽകാനും, അവബോധം വർദ്ധിപ്പിക്കാനും, അർത്ഥവത്തായ ബന്ധങ്ങൾ സൃഷ്ടിക്കാനുമുള്ള കലയുടെ കഴിവിലുള്ള ഫൗണ്ടേഷന്റെ ശാശ്വത വിശ്വാസത്തെ ഈ അവതരണം പ്രതിഫലിപ്പിക്കുന്നുവെന്നും അവർ പറഞ്ഞു.

# ഗിന്നസ് റെക്കോർഡ് സൃഷ്ടിച്ച് എം.എസ്.ഇ.ഡി.സി.എൽ



**കൊച്ചി** :ഇന്ത്യയുടെ പുനരുപയോഗ ഊർജ്ജ മേഖലയിൽ നാഴികക്കല്ലായ, മഹാരാഷ്ട്ര സ്റ്റേറ്റ് ഇലക്ട്രിസിറ്റി ഡിസ്ട്രിബ്യൂഷൻ കമ്പനി ലിമിറ്റഡ് (എം.എസ്.ഇ.ഡി.സി.എൽ) ഒരു മാസത്തിനുള്ളിൽ അഭൂതപൂർവമായി 45,911 സോളാർ പമ്പിംഗ് സംവിധാനങ്ങൾ സ്ഥാപിച്ചുകൊണ്ട് ഗിന്നസ് വേൾഡ് റെക്കോർഡ് നേടി. മഹാരാഷ്ട്രയിലുടനീളമുള്ള 1,686 ഗ്രാമങ്ങളിൽ സോളാർ പമ്പുകൾ സ്ഥാപിച്ചുകൊണ്ട്, സി.ആർ.ഐ. സോളാർ ആയിരക്കണക്കിന് കർഷകരെ സുസ്ഥിര ജല പരിഹാരങ്ങളിലൂടെ ശാക്തീകരിച്ചു. അസാധാരണമായ കൃത്യതയോടെയും, അച്ചടക്കമുള്ള നിർവ്വഹണത്തോടെയും, ഏകോപിത ടീം വർക്കിലൂടെയുമാണ് ഓരോ ഇൻസ്റ്റാലേഷനും നടത്തിയതെന്നും അധികൃതർ വ്യക്തമാക്കി.

## മണപ്പുറം ഗ്രൂപ്പ് ഉന്നത പദവികളിൽ പുതിയ നിയമനം





**വലപ്പാട്:** മണപ്പുറം ഗ്രൂപ്പ് ജനറൽ കൗൺസലായി സഞ്ജയ് നമ്പ്യാരും ഗ്രൂപ്പിന്റെ ചീഫ് കംപ്ലയൻസ് ഓഫീസറായി പ്രസിഡന്റ് ഗ്രേഡിൽ അഷിഷ് എൻ. ചന്ദകും ചുമതലയേറ്റു.
ബാങ്കിംഗ് മേഖലയിൽ കാൽ നൂറ്റാണ്ടു കാലത്തെ പരിചയ സമ്പത്ത് ഉൾപ്പടെ 31 വർഷത്തെ സേവന പാരമ്പര്യമുള്ള സഞ്ജയ് നമ്പ്യാർ കോഴിക്കോട് ജില്ലാ കോടതിയിലും ഹൈക്കോടതിയിലും അഭിഭാഷകനായിരുന്നു. കെ.എസ്. ഐ.ഡി.സിയിൽ അസിസ്റ്റന്റ് മാനേജർ (ലീഗൽ), ഐ.ഡി.ബി.ഐ അസിസ്റ്റന്റ് ജനറൽ മാനേജർ (ലീഗൽ) ,അസെറ്റ് റീ കൺസ്ട്രെക്ഷൻ കമ്പനി ഇന്ത്യാ ലിമിറ്റഡിൽ ചീഫ് മാനേജർ (ലീഗൽ), ഐ.സി.ഐ.സി.ഐ ബാങ്കിൽ ഡെപ്യൂട്ടി ജനറൽ മാനേജർ എന്നീ പദവികൾ വഹിച്ചിട്ടുണ്ട്.

ബാങ്കിംഗ്, നിയമ മേഖലകളിൽ അറിയപ്പെടുന്ന പ്രഭാഷകനാണ്.ബിസിനസ് ഡെവലപ്മെന്റ്, കമ്പനി നടത്തിപ്പ്, കംപ്ലയൻസ് മേഖലയിൽ മൂന്നു പതിറ്റാണ്ടിന്റെ സേവന പരിചയമുള്ള അഷിഷ് എൻ. ചന്ദകിന് ഇൻഫ്രാസ്ട്രക്ചർ, റിയൽ എസ്റ്റേറ്റ്, വൻകിട നിർമ്മാണ മേഖലകളിൽ 200 ലധികം വൻകിട വിനിമയങ്ങൾ, 100 ബില്യൺ രൂപയിലധികമുള്ള വായ്പകൾ, ബോർഡുകളിലും എക്സിക്യൂട്ടീവ് കമ്മറ്റികളിലും പദ്ധതികൾ സമർപ്പിച്ചു പാസാക്കിയെടുക്കൽ, കിട്ടാക്കടങ്ങളുടെ കണക്കെടുപ്പിൽ ഉദ്യോഗസ്ഥർക്കു മാർഗ ദർശനം തുടങ്ങിയ മേഖലകളിൽ വിശാലമായ അനുഭവ സമ്പത്തുണ്ട്. വ്യവസായ രംഗത്തെ അറിയപ്പെടുന്ന പരിശീലകനും പ്രഭാഷകനുമാണ്.

## 99.33 ശതമാനം സെറ്റിൽമെന്റ് നിരക്കുമായി ഐസിഐസിഐ പ്രു

**തിരുവനന്തപുരം:** ഐ.സി.ഐ.സി.ഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് നടപ്പു സാമ്പത്തിക വർഷത്തിന്റെ ആദ്യ പകുതിയിൽ 99.33 ശതമാനമെന്ന മുൻനിര ലൈഫ് ഇൻഷുറൻസ് കമ്പനികൾക്കിടയിലെ ഏറ്റവും ഉയർന്ന സെറ്റിൽമെന്റ് നിരക്ക് കൈവരിച്ചു. അന്വേഷണം ആവശ്യമില്ലാത്ത ക്ലെയിമുകളിൽ ശരാശരി 1.1 ദിവസങ്ങളിലാണ് തീർപ്പുാക്കിയത്. ഈ കാലയളവിൽ കമ്പനി 893.38 കോടി രൂപയുടെ മരണാനന്തര ആനുകൂല്യങ്ങളും തീർപ്പാക്കി. ഓരോ ക്ലെയിമുകളും അതീവ പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുന്ന തങ്ങൾ ഉയർന്ന നിലയിലുള്ള ഉപഭോക്തൃ അനുഭവങ്ങൾ പ്രദാനം ചെയ്യാനാണ് ശ്രമിക്കുന്നതെന്ന് ഐ.സി.ഐ.സി.ഐ പ്രുഡൻഷ്യൽ ലൈഫ് ചീഫ് ഓപ്പറേഷൻസ് ഓഫിസർ അമിഷ് ബാങ്കർ പറഞ്ഞു. ഉപഭോക്താവ് ആദ്യം എന്ന തത്വവുമായുള്ള തങ്ങളുടെ സമീപനം അതിവേഗത്തിൽ ക്ലെയിമുകൾ തീർപ്പാക്കാൻ സഹായിക്കുന്നതായും അദ്ദേഹം ചൂണ്ടിക്കാട്ടി.

## മാനേജ്മെന്റ് ഓഫ് സ്പെസിഫിക് ലേണിങ് ഡിസോഡേഴ്സ് കോഴ്സ്

**കൊല്ലം:** എസ്.ആർ.സി കമ്മ്യൂണിറ്റി കോളജിൽ മാനേജ്മെന്റ് ഓഫ് സ്പെസിഫിക് ലേണിങ് ഡിസോഡേഴ്സ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: പന്ത്രണ്ടാം ക്ലാസ്സ്.
https://apps.rccc.in/register മുഖേന ഡിസംബർ 31നകം അപേക്ഷിക്കണം. വിവരങ്ങൾക്ക് : wwws.rccc.in ജില്ലയിലെ പഠനകേന്ദ്രം: ഓക്സ്ഫോഡ് കിഡ്സ് മോണ്ടിസോറി ഹൗസ് ഓഫ് ചിൽഡ്രൻസ് ആൻഡ് ടീച്ചർ ട്രെയിനിംഗ് കെ.സി. സെന്റർ മൂന്നാം നില, ഹൈസ്കൂൾ ജംഗ്ഷൻ, കരുനാഗപ്പള്ളി. ഫോൺ: 7356971881, 9895616665.

## തൊഴിൽ പരിശീലന കോഴ്സുകൾ

**കൊല്ലം:** കോട്ടമുക്ക് ബി.എസ്.എസ് ജില്ലാ കേന്ദ്രത്തിൽ വിവിധ തൊഴിൽ പരിശീലന കോഴ്സുകളിലേക്ക് വനിതകൾക്ക് അപേക്ഷിക്കാം. കോഴ്സുകൾ: ഡ്രസ്മേക്കിങ് ആൻഡ് ഫാഷൻ ഡിസൈനിങ്, കട്ടിംഗ് ആൻഡ് ടൈലറിംഗ്, എംബ്രോയ്ഡറികൾ, ഫാബ്രിക്ക് പെയിന്റിംഗ്, ഫ്ളവർ ടെക്നോളജി ആൻഡ് ഹാന്റി ക്രാഫ്റ്റ്, കുക്കറി. അവസാന തീയതി ഡിസംബർ 17. അപേക്ഷാഫോം പ്രോഗ്രാം ഓഫീസർ, ഭാരത് സേവക്ക് സമാജ്, ഹൈസ്കൂൾ ജംഗ്ഷൻ കോട്ടമുക്ക് റോഡ്, കൊല്ലം-13 വിലാസത്തിൽ ലഭിക്കും. ഫോൺ: 0474-2797478, 9495195380.

## എക്സ്ക്കോൺ 2025: നൂതന മൊബിലിറ്റി പരിഹാരങ്ങളുമായി ടാറ്റ മോട്ടോഴ്സ്




**കൊച്ചി :** രാജ്യത്തെ അടിസ്ഥാന സൗകര്യങ്ങളെയും നിർമ്മാണ മേഖലയെയും പിന്തുണയ്ക്കുന്നതിനായി വാണിജ്യ വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ് ദക്ഷിണേഷ്യയിലെ പ്രമുഖ നിർമ്മാണ ഉപകരണ പ്രദർശനമായ എക്സ്ക്കോൺ 2025ൽ വിപുലമായ ഉൽപ്പന്ന നിര അവതരിപ്പിച്ചു.'പ്രൊഡക്ടിവിറ്റി അൺലീഷ്ഡ്'(ഉൽപ്പാദനക്ഷമതയുടെ അഴിച്ചുവിടൽ) എന്ന പ്രമേയത്തെ പ്രതിഫലിപ്പിച്ചുകൊണ്ട്, പ്രവർത്തന കാര്യക്ഷമതയും ലാഭക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഹെവിഡ്യൂട്ടി, ഫ്യൂച്ചർറെഡി വാഹനങ്ങൾ കമ്പനി അവതരിപ്പിക്കുന്നു. ടാറ്റ മോട്ടോഴ്സിന്റെ പ്രൈമ 3540. കെ ഓട്ടോഷിഫ്റ്റ് ആണ് ഇവയിൽ മുൻനിരയിലുള്ളത്.

ആഴത്തിലുള്ള ഖനന ഉപയോഗങ്ങൾക്കായി രൂപകൽപ്പന ചെയ്തിരിക്കുന്ന ഏറ്റവും കരുത്തുറ്റ ടിപ്പറാണ് ഇത്. അതോടൊപ്പം തന്നെ നിൽക്കുന്നു പൂർണ്ണമായും ഇലക്ട്രിക് ആയ പ്രൈമ ഇ.28 കെയും ഇന്ത്യയിലെ ആദ്യത്തെ ഫാക്ടറി ഫിറ്റഡ് സിഎൻജി ടിപ്പർ ആയ സിഗ്ന 2820.ടികെ സിഎൻജിയും. വ്യാവസായിക എഞ്ചിനുകൾ, ആക്സിലുകൾ, ജെൻസെറ്റുകൾ എന്നിവയുൾപ്പെടെയുള്ള അഗ്രിഗേറ്റുകളുടെ സമഗ്രമായ പ്രദർശനം ഇവയെ പൂരകമാക്കുന്നു എന്ന് മാത്രമല്ല ടാറ്റ മോട്ടോഴ്സിന്റെ നവീകരണത്തിനും സുസ്ഥിരതയ്ക്കുമുള്ള പ്രതിബദ്ധതയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നു. ഇന്ത്യയുടെ വളരുന്ന നിർമ്മാണ, ഖനന മേഖലയെ പിന്തുണയ്ക്കുന്നതിനായി തങ്ങൾ കൊണ്ടുവരുന്ന എഞ്ചിനീയറിംഗ് പുരോഗതികളും ഉപഭോക്തൃ കേന്ദ്രീകൃത പരിഹാരങ്ങളും പ്രദർശിപ്പിക്കുന്നതിന് ടാറ്റ മോട്ടോഴ്സിന് എക്സ്ക്കോൺ ഒരു നിർണായക വേദിയാണെന്ന് ടാറ്റ മോട്ടോഴ്സ് ലിമിറ്റഡ്, ട്രക്ക്സ്, വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ രാജേഷ് കൗൾ പറഞ്ഞു. വൈദ്യുതിയിലോ ഉൽപ്പാദനക്ഷമതയിലോ വിട്ടുവീഴ്ച ചെയ്യാതെ സീറോഎമിഷൻ പ്രകടനം നൽകാൻ രൂപകൽപ്പന ചെയ്തിരിക്കുന്ന തങ്ങളുടെ ആദ്യത്തെ പൂർണ്ണ ഇലക്ട്രിക് ടിപ്പർ, പ്രൈമ ഇ.28കെ പുറത്തിറക്കുന്നതിലും ഞങ്ങൾ സന്തുഷ്ടരാണ്. നിർമ്മാണ, അടിസ്ഥാന സൗകര്യ വിഭാഗങ്ങളിൽ തടസമില്ലാത്ത പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്ന കരുത്തുറ്റതും വിശ്വസനീയവും ഉപഭോക്തൃ കേന്ദ്രീകൃതമായ പരിഹാരങ്ങൾ നൽകുന്നതിനുള്ള ടാറ്റ മോട്ടോഴ്സിന്റെ പ്രതിബദ്ധതയാണ് എക്സ്ക്കോൺ 2025ലെ തങ്ങളുടെ അഗ്രഗേറ്റ് ഓഫറുകൾ പ്രതിഫലിപ്പിക്കുന്നതെന്ന് ടാറ്റ മോട്ടോഴ്സ് ലിമിറ്റഡ് സ്പെയേഴ്സ് ആൻഡ് നോൺവെഹിക്കിൾ ബിസിനസ് മേധാവി വിക്രം അഗർവാൾ പറഞ്ഞു.

ടാറ്റ പ്രൈമ 3540.കെ ഓട്ടോഷിഫ്റ്റ്, പ്രൈമ ഇ.28കെ, സിഗ്ന 2820.ടികെ സിഎൻജി, സിഗ്ന 4832.ടികെ, പ്രൈമ 3532.ടികെ, പ്രൈമ ഇ.55എസ് എന്നിവയും അഗ്രിഗേറ്റ് ജെൻസെറ്റുകളുടെ വിഭാഗത്തിൽ ടാറ്റ മോട്ടോഴ്സ് ജെൻസെറ്റുകൾ, ടാറ്റ മോട്ടോഴ്സ് വ്യാവസായിക എഞ്ചിനുകൾ, ടാറ്റ മോട്ടോഴ്സ് ലൈവ് ആക്സിലുകൾ, ടാറ്റ മോട്ടോഴ്സ് ട്രെയിലർ ആക്സിലുകളും ഘടകങ്ങളും തുടങ്ങിയവയുമാണ് ടാറ്റ മോട്ടോഴ്സ് പ്രദർശിപ്പിക്കുന്ന വാണിജ്യ വാഹനങ്ങൾ.

## അനന്ത് ദേശീയ സർവകലാശാല; 299 വിദ്യാർഥികൾ ബിരുദം ഏറ്റുവാങ്ങി

**കൊച്ചി:** അനന്ത് ദേശീയ സർവകലാശാല ക്യാംപസിൽ ഏഴാമത് ബിരുദദാന ചടങ്ങിൽ 299 വിദ്യാർഥികൾ ബിരുദങ്ങൾ ഏറ്റുവാങ്ങി. ബാച്ചിലർ ഓഫ് ഡിസൈൻ, ബാച്ചിലർ ഓഫ് ആർക്കിടെക്ചർ, മാസ്റ്റർ ഓഫ് ഡിസൈൻ, അനന്ത് ഫെലോഷിപ്പ് ഇൻ സസ്റ്റൈനബിലിറ്റി ആൻഡ് ബിൽറ്റ് എൻവയോൺമെന്റ്, എംഎസ്സി ഇൻ സസ്റ്റൈനബിലിറ്റി ആൻഡ് ബിൽറ്റ് എൻവയോൺമെന്റ്, അനന്ത് ഫെലോഷിപ്പ് ഇൻ ക്ലൈമറ്റ് എന്നിവയിലുള്ള ബിരുദങ്ങളാണ് സമ്മാനിച്ചത്. രാജ്യത്തിന് അടിയന്തരമായി ആവശ്യമുള്ള തരത്തിലുള്ള നൂതനാശയങ്ങളും ശ്രദ്ധേയമായ പ്രവൃത്തികളും ക്യാംപസിൽ കാണാനായതായി ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന പത്മശ്രീ അവാർഡ് ജേതാവും പ്രമുഖ ശാസ്ത്രജ്ഞനും സോഹോ കോർപ്പറേഷൻ സഹസ്ഥാപകനുമായ ഡോ. ശ്രീധർ വെമ്പു പറഞ്ഞു.

വ്യവസായങ്ങളെയും സമൂഹങ്ങളെയും പുനർനിർമ്മിക്കുന്നതിനും നമ്മുടെ പരിസ്ഥിതിയെ പുതുക്കിപ്പണിയുന്നതിനുമുള്ള ഉപകരണങ്ങൾ ഡിസൈൻ നമുക്ക് നൽകുന്നതായി അജയ് പിരമൽ പറഞ്ഞു. ഏതാനും പതിറ്റാണ്ടുകൾക്കുള്ളിൽ രാജ്യം വികസിത ഭാരതം എന്ന ലക്ഷ്യത്തോടെ നീങ്ങുമ്പോൾ ഇന്നത്തെ വിദ്യാർഥികൾ ആ ഇന്ത്യയുടെ സൃഷ്ടാക്കളാകുമെന്ന് ചടങ്ങിൽ പങ്കെടുത്ത പ്രോവോസ്റ്റ് ഡോ. സഞ്ജീവ് വിദ്യാർഥി പറഞ്ഞു. വ്യ




വസായങ്ങളെയും സമൂഹങ്ങളെയും പുനർനിർമ്മിക്കുന്നതിനും പരിസ്ഥിതിയെ വീണ്ടെടുക്കുന്നതിനും സഹായകരമായ വിദ്യാർഥി സമൂഹത്തെയാണ് നാം ഇപ്പോൾ സൃഷ്ടിക്കുന്നതെന്ന് അനന്ത് ദേശീയ സർവകലാശാല പ്രസിഡന്റ് അജയ് പിരമൽ പറഞ്ഞു.

ചടങ്ങിൽ അക്കാദമിക് മികവ്, നവീകരണം, മികച്ച ബിരുദ പ്രോജക്റ്റ്, മികച്ച തീസിസ്, മികച്ച ലൈവ് ആക്ഷൻ പ്രോജക്റ്റ്, മികച്ച വിദ്യാർഥി എന്നിവയുൾപ്പെടെ എല്ലാ പ്രോഗ്രാമുകളിലെയും വ്യത്യസ്ത വിഭാഗങ്ങളിലെയും വിദ്യാർഥികളെ ആദരിച്ചു. വിദ്യാർഥികളുടെ പ്രോജക്ടുകൾ പ്രദർശിപ്പിക്കുന്ന ഗാലറികൾ, ഓഡിറ്റോറിയങ്ങൾ, സ്റ്റുഡിയോകൾ എന്നിവ ചടങ്ങിന്റെ ഭാഗമായി ഉണ്ടായിരുന്നു.

# സിൽക്ക് ഇന്ത്യ പ്രദർശനം കോട്ടയത്ത്



**കോട്ടയം :** ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള സിൽക്കുൽപ്പാദകരെയും, പട്ടുസാരി നെയ്ത്തുകാരെയും, സഹകരണ സ്ഥാപനങ്ങളെയും അണിനിരത്തിക്കൊണ്ട് അഭിവൃദ്ധി സംഘടിപ്പിക്കുന്ന സിൽക്ക് ഫെസ്റ്റിവൽ ”സിൽക്ക് ഇന്ത്യ 2025” പ്രദർശനം കോട്ടയം, പാർക്ക് ലെയിനിൽ ഉള്ള ജുഹനോൺ മാർത്തോമാ ഹാളിൽ ആരംഭിച്ചു. സിൽക്ക് നിർമ്മാതാക്കൾ, സിൽക്ക് സാരി നെയ്ത്തുകാർ, കൈത്തറി ക്ലസ്റ്ററുകൾ, സിൽക്ക് സഹകരണ സംഘങ്ങൾ എന്നിവരൊരുക്കുന്ന പുതിയ ഉത്സവവിവാഹ ശേഖരങ്ങളാണ് വിവിധ സംസ്ഥാനങ്ങളെ പ്രതിനിധീകരിക്കുന്ന അമ്പതിലധികം സ്റ്റാളുകളിലായുള്ളത്. കാലാവസ്ഥാപരവും, ഭൂമിശാസ്ത്രപരവുമായ വ്യത്യാസത്തിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്ന പട്ടുകളിൽ പ്രമുഖമായവ ടസ്സർ, എറി, മൾബറി, മുഗാ എന്നിവയാണ്.

ബീഹാർ, ആസ്സാം, ഛത്തീസ്ഗഡ് എന്നീ മൂന്ന് സംസ്ഥാനങ്ങളിലാണ് ടസ്സർ, മുഗാ എന്നിവ ഉൽപ്പാദിപ്പിക്കുന്നതെന്ന് അഭിവൃധിയുടെ ചീഫ് കോർഡിനേറ്റർ . ടി. അഭിനന്ദ് പറഞ്ഞു. ബീഹാറിൽ നിന്നുള്ള ഓർഗാനിക് ടസാർ സിൽക്ക് സാരികൾ, സ്യൂട്ട് ആന്റ് സ്റ്റോളുകൾ എന്നിവയുടെ വിശാലമായ പ്രദർശനം, കർണാടകയിൽ നിന്നുള്ള ക്രേപ് സിൽക്ക്, ജോർജറ്റ് സിൽക്ക്, അരിനി സിൽക്ക്, പ്രിന്റഡ് സാരികൾ, തമിഴ്നാട്ടിൽ നിന്നുള്ള കാഞ്ജീവരം സിൽക്ക് സാരികൾ , ഡിസൈനർ ഫാൻസി സാരികൾ; ആന്ധ്രാപ്രദേശിൽ നിന്നുള്ള ധർമ്മവര, ഉപ്പട, ഗദ്വാൾ, മംഗളഗിരി , പോച്ചമ്പള്ളി സാരികൾ, ഉത്തർപ്രദേശിൽ നിന്നുള്ള ലഖ്നവി ചിക്കൻ വർക്ക് സാരി, മൾബറി സിൽക്ക്, ജംദാനി, ജമവാർ സിൽക്ക് , ഷിഫോൺ സിൽക്ക്, മഹാരാഷ്ട്രയിൽ നിന്നുള്ള പൈതാനി സാരീസ്, പഞ്ചാബിൽ നിന്നുള്ള പട്യാല ഡ്രസ് മെറ്റീരിയലുകൾ, ഒറീസയിൽ നിന്നുള്ള സംബൽപുരി, ഇക്കത്ത് സാരികൾ, എക്സ്ക്ലൂസീവ് റോ സിൽക്ക് സാരികൾ, മധ്യപ്രദേശിൽ നിന്നുള്ള മഹേശ്വരി, ചന്ദേരി സിൽക്ക് സാരികൾ, സ്യൂട്ടുകൾ, വെസ്റ്റ് ബംഗാളിൽ നിന്നുള്ള ബലൂചാരി, കാന്ത സാരീസ്, സർദോസി വർക്കുകൾ, അസമിൽ നിന്നുള്ള മുഗ, എറി സിൽക്ക് സാരികൾ, ജമ്മു കശ്മീരിൽ നിന്നുള്ള പ്രിന്റഡ് സാരികൾ, പശ്മിന ഷാളുകൾ, രാജസ്ഥാനിൽ നിന്നുള്ള ഹാൻഡ് ബ്ലോക്ക് പ്രിന്റ് വസ്ത്രങ്ങൾ തുടങ്ങിയവ പ്രത്യേകം സ്റ്റാളുകളിലായി മേളയിലുണ്ട്.

രാവിലെ 10.30 മുതൽ രാത്രി 8.30 വരെ വരെയാണ് പ്രദർശന. 6 ദിവസം നീണ്ട നിൽക്കുന്ന മേള ഡിസംബർ 16 ന് സമാപിക്കും. പ്രവേശനം സൗജന്യമാണ്.

# മുത്തൂറ്റ് ശിക്ഷ ജ്യോതി പദ്ധതി തുടങ്ങി

Muthoot Finance

**കൊച്ചി:** രാജ്യത്തെ ഏറ്റവും വലിയ ഗോൾഡ് ലോൺ എൻബിഎഫ്സി ആയ മുത്തൂറ്റ് ഫിനാൻസിന്റെ പുതിയ സി.എസ്.ആർ പദ്ധതിയായ മുത്തൂറ്റ് ശിക്ഷ ജ്യോതി പദ്ധതിക്ക് തുടക്കമിട്ടു. പദ്ധതി പ്രകാരം രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലായുള്ള 75 സർക്കാർ അപ്പർ പ്രൈമറി, ഹൈസ്കൂളുകളിൽ ഡിജിറ്റൽ പഠന സൗകര്യം ഒരുക്കുന്നതിനായി 65 ഇഞ്ച് വലുപ്പമുള്ള സ്മാർട്ട് ഇന്ററാക്ടീവ് പാനലുകൾ സ്ഥാപിച്ചു നൽകും.

പദ്ധതിയുടെ ഉദ്ഘാടനം ന്യൂഡൽഹി ആളകനന്ദയിലെ പോൾ ജോർജ് ഗ്ലോബൽ സ്കൂളിൽ നടന്നു. ദില്ലി നിയമസഭാ സ്പീക്കർ വിജേന്ദർ ഗുപ്ത മുഖ്യാതിഥിയായി. ശിഖാ റോയ് എം.എൽ.എ., മുത്തൂറ്റ് ഫിനാൻസ് ജോയിന്റ് മാനേജിംഗ് ഡയറക്ടർ അലക്സാണ്ടർ ജോർജ് മുത്തൂറ്റ്, ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് എം. ജോർജ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ഡൽഹി, ഹരിയാന, ഉത്തർപ്രദേശ്, ലുധിയാന (പഞ്ചാബ്), ഒഡീഷ, മുംബൈ, ഗുജറാത്ത്, രാജസ്ഥാൻ, പൂനെ, കൊൽക്കത്ത, സിലിഗുരി, റായ്പൂർ, ഗുവാഹത്തി എന്നിവിടങ്ങളിലെ സ്കൂളുകളിലാണ് ആദ്യ ഘട്ടം പദ്ധതി നടപ്പാക്കുന്നത്. പൈലറ്റ് ഘട്ടം പൂർത്തിയായതിന് ശേഷമുള്ള പ്രവൃത്തികൾ വിലയിരുത്തി മുത്തൂറ്റ് ശിക്ഷ ജ്യോതി പദ്ധതി കൂടുതൽ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കും.




# കെ.എം.എ ഫിനിഷിംഗ് സ്കൂൾ പ്രോഗ്രാം സമാപിച്ചു




**കൊച്ചി:** മാനേജ്മെന്റ് വിദ്യാർഥികളെ വ്യവസായത്തിന് തയ്യാറാക്കുകയും തൊഴിൽ യോഗ്യരാക്കുകയും ചെയ്യുന്നതിന് രൂപകൽപ്പന ചെയ്ത കേരള മാനേജ്മെന്റ് അസോസിയേഷൻ (കെ.എം.എ) ഫിനിഷിംഗ് സ്കൂൾ പ്രോഗ്രാം സമാപിച്ചു. ഏഴ് ആഴ്ച നീണ്ടു നിന്ന ഫിനിഷിംഗ് സ്കൂൾ പ്രോഗ്രാം അക്കാദമിക് പഠനത്തിനും വ്യവസായ പ്രതീക്ഷകൾക്കും ഇടയിലുള്ള നിർണായക വിടവ് നികത്തുകയെന്നതാണ് ലക്ഷ്യമിട്ടത്.

പ്രോഗ്രാമിൽ ആറ് പ്രമുഖ ബിസ്കൂളുകളിൽ നിന്നുള്ള വിദ്യാർഥികളാണ് പങ്കെടുത്തത്. മാനേജ്മെന്റ് ഹൗസിൽ നടന്ന സമാപന ചടങ്ങിൽ വിസ്റ്റാർ ക്രിയേഷൻസിന്റെ സ്ഥാപകയും സി.എം.ഡിയുമായ ഷീല കൊച്ചൗസേപ്പ് മുഖ്യാതിഥിയായിരുന്നു. ഇന്നത്തെ മത്സരാധിഷ്ഠിത പ്രൊഫഷണൽ അന്തരീക്ഷത്തിൽ പൊരുത്തപ്പെടുത്തൽ, തുടർച്ചയായ പഠനം, സമഗ്രത എന്നിവയ്ക്ക് അതീവ പ്രാധാന്യമുണ്ടെന്ന് ഷീല കൊച്ചൗസേപ്പ് പറഞ്ഞു.

തന്റെ സംരംഭക യാത്രയിലെ അനുഭവങ്ങളും അവർ പങ്കുവെച്ചു. വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. പ്രോഗ്രാം ചെയർമാൻ എബ്രഹാം ഓലിക്കൽ, കെ എം എ മാനേജിംഗ് കമ്മിറ്റി അംഗവും എസ്. സി.എം. എസ് ഗ്രൂപ്പ് ഡയറക്ടറുമായ ഡോ. രാധ തേവന്നൂർ പ്രസംഗിച്ചു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com